കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പുന്നയൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2015-16

## ജില്ലാ ഓഡിറ്റ് കാര്യാലയം

## തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ (പി8) 6/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ – 680 020
ഫോൺ : 0487 2331249
തീയതി : 27.01.2017
e-mail : dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പുന്നയൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പുന്നയൂർ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുന്നയൂർ ഗ്രാമപഞ്ചായത്തിന്റെ 2015 -16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-7, 3-17,3-25 എന്നീ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത

കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (ഉപരിപത്രം സഹിതം)

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ.(പി8)6/2017 തിയ്യതി:27.01.201

തൃശ്ശൂർ ജില്ലയിലെ പുന്നയൂർ ഗ്രാമപഞ്ചായത്തിന്റെ 2015 -16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പുന്നയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14.01.16 മുതൽ 25.11.2016 തിയ്യതി വരെ വിവിധ

ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2015- 16 വർഷത്തിൽ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ചേക്കുട്ടി. കെ.യു.<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 26.11.2016 മുതൽ 02.12.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | തുളസീദാസ്.വി.ജി | ഓഡിറ്റ് ഓഫീസർ |
| | : | ഹണി.കെ.എസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഡിറ്റർ |
| | : | മോഹനൻ. പി.വി | അസിസ്റ്റന്റ് ഓഡിറ്റ് ഓഡിറ്റർ |
| | : | ഫെമിന.എ.എ | ഓഡിറ്റർ |
| | | സുമ.വി.കെ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡണ്ട്

| | |
|---|---|
| ശ്രീമതി.നഫീസക്കുട്ടി വലിയകത്ത് | 01/04/2015 മുതൽ 31/10/2015 വരെ |
| ഭരണ നിർവ്വഹണ കമ്മിറ്റി | 01/11/2015 മുതൽ 18/11/2015 വരെ |
| ശ്രീമതി.നഫീസക്കുട്ടി വലിയകത്ത് | 19/11/2015മുതൽ 31/03/2016 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. കെ.ബി. ഷാഹുൽഹമീദ് | 01/04/2015 – 28/07/2015 |

| | |
|---|---|
| ശ്രീ.കെ.രവീന്ദ്രൻ | 29/07/2015 - 31/03/2016 |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | കെ ഷിബുദാസ് | 01/04/2015--- 18/08/2015 |
| | ശ്രീലത കെ എ | 19/08/2015-- 02/09/2015<br>15/01/2016-- 26/01/2016 |
| | റീന ടി ജെ | 03/09/2015-- 14/01/2016 |
| | സയിദാബീഗം | 27/01/2016---31 /03/2016 |
| അസി.എഞ്ചിനീയർ | പ്രസൂൺ പി പി | 01/04/2015 --- 21/05/2015 |
| | നിഖിൽരാജ് സി എൻ | 22/05/2015 --- 31/03/2016 |
| കൃഷി ഓഫീസർ | ആർ പുരുഷോത്തമൻ | 01/04/2015 --- 31/03/2016 |
| മെഡിക്കൽ ഓഫീസർ(പി എച്ച് സി) | ഡോ.നിത ടി ജി | 01/04/2015--- 31/03/2016 |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ.ചാന്ദ്നി കെ ബി | 01/04/2015 --- 31/03/2016 |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.ശാലിനി നിബീഷ് | 25/04/2015 --- 31/03/2016 |
| വെറ്ററിനറി സർജൻ | ഡോ.അരുൺ.എം.എം. | 01/04/2015 --- 16/04/2015 |
| | ഡോ.സഹീർ അബ്ദു | 17/04/2015--- 31/03/2016 |
| ഐ സി ഡി എസ് സൂപ്പർവൈസർ | സുമം. കെ.ആർ. | 01/04/2015 --- 04/03/2016 |
| | നിത ജോർജ് | 05/03/2016--- 31/03/2016 |
| ഹെഡ്മാസ്റ്റർ | ലിസ്സി. ടി.വി. | 01/04/2015 --- 31/03/2016 |

| | | |
|---|---|---|
| വി ഇ ഒ (എടക്കഴിയൂർ സർക്കിൾ) | ശശിധരൻ ഇ.ബി. | 01/04/2015 --- 31/03/2016 |
| വി ഇ ഒ (പുന്നയൂർ സർക്കിൾ) | ദീപക്. സി.ആർ. | 01/04/2015 --- 31/03/2016 |

ഉള്ളടക്കം


| | ഭാഗം 1 | |
|---|---|---|
| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | റദ്ദ് ചെയ്ത സാംഖ്യ രശീതികൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല | 2-1 |
| 13 | സാംഖ്യ രശീതി പ്രകാരം വരവ് വന്ന തുക Day book ൽ വരവ് രേഖപ്പെടുത്തിയിട്ടില്ല. | 2-2 |
| 14 | സാമ്പത്തിക ഇടപാടുകൾ ഇല്ലാത്ത അക്കൗണ്ടുകൾ അവസാനിപ്പിക്കേണ്ടതാണ്. | 2-3 |
| 15 | ഇ-ടെണ്ടർ-ടെണ്ടർ ഫോം വില പഞ്ചായത്തിന് ലഭ്യമായില്ല | 2-4 |
| 16 | പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള അനുമതി വാങ്ങിയിട്ടില്ല | 2-5 |
| 17 | D&O ലൈസൻസ് കുറഞ്ഞ ഫീസ് ഈടാക്കി | 2-6 |
| 18 | D&O ലൈസൻസ് ചട്ടപ്രകാരം ഹാജരാക്കേണ്ട രേഖകൾ ഇല്ലാതെ ലൈസൻസ് അനുവദിച്ചു | 2-7 |
| 19 | പഞ്ചായത്ത് പരിധിയിലെ മൊബൈൽ ടവറുകളുടെ കൃത്യമായ കണക്കില്ല | 2-8 |

| | | |
|---|---|---|
| 20 | ബിൽഡിംഗ് പെർമിറ്റ് -രജിസ്റ്ററിൽ പൂർണവിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. | 2-9 |
| 21 | ക്രമവത്ക്കരിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ - രജിസ്റ്ററിൽ സൂക്ഷിച്ചിട്ടില്ല. | 2-10 |
| 22 | അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നില്ല. | 2-11 |
| 23 | പെർമിറ്റ് ഫയലുകൾ പരിശോധിച്ചതിൽ കാണപ്പെട്ട അപാകതകൾ | 2-12 |
| 24 | പഞ്ചായത്ത് കമ്മറ്റി ലേലം അംഗീകരിച്ചിട്ടുണ്ട്-ലേലമിനത്തിൽ വരവില്ല. | 2-13 |
| | ഭാഗം 3 | |
| 25 | നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി പ്രവർത്തനം | 3-1 |
| 26 | പദ്ധതിചെലവ് നിരീക്ഷിക്കൽ - പദ്ധതി പണം പൂർണ്ണമായും ചെലവഴിച്ചില്ല | 3-2 |
| 27 | വൗച്ചറുകൾ ഹാജരാക്കിയില്ല.- ചെലവു തുക തടസ്സപെടുത്തുന്നു | 3-3 |
| 28 | മുൻകൂർ പിൻവലിക്കൽ- സർക്കാർ ഉത്തരവിന് വിരുദ്ധം. | 3-4 |
| 29 | ജീവനക്കാർക്ക് അധികവേതനം നല്കി. | 3-5 |
| 30 | വൈദ്യുതി ചാർജ് പിഴ പലിശ അടവാക്കിയത്- രൂപ 112458/-നിരാകരിക്കുന്നു. | 3-6 |
| 31 | ഇ എം എസ് ഭവനനിർമ്മാണപദ്ധതി --- വായ്പ്പാ വിവരങ്ങൾ ഇല്ല. | 3-7 |
| 32 | ഇലക്ട്രിക്കൽ സാധനങ്ങൾ പർച്ചേസ് ചെയ്തത് -വിനിയോഗവിവരം ലഭ്യമല്ല. | 3-8 |
| 33 | ഫർണ്ണീച്ചർ വാങ്ങൽ -അപാകതകൾ | 3-9 |
| 34 | ആരോഗ്യ സ്ഥാപനങ്ങളിലേക്ക് മരുന്ന് വാങ്ങൽ- നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ്, മരുന്ന് എന്നിവ ലഭ്യമായില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-10 |
| 35 | പ്രത്യേകകന്നുകുട്ടി പരിപാടി ---നടപ്പാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല. | 3-11 |
| 36 | വിനിയോഗവിവരം ലഭ്യമല്ല-- ചെലവ് തടസ്സപ്പെടുത്തുന്നു. | 3-12 |
| 37 | .ഓഡിറ്റിന് രേഖകൾ ഹാജരാക്കിയില്ല --- തുക തടസ്സപ്പെടുത്തുന്നു. | 3-13 |
| 38 | ഭവനനിർമ്മാണപദ്ധതി ---രേഖകൾ കൃത്യമല്ല. | 3-14 |
| 39 | സ്ഥലംവാങ്ങൽ പദ്ധതി ഫലപ്രാപ്തിയിൽ എത്തിയില്ല. | 3-15 |
| 40 | കൃഷി ഓഫീസറുടെ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-16 |
| 41 | പൂരകപോഷകാഹാരം -കേന്ദ്രഫണ്ട് ചെലവഴിച്ചിട്ടില്ല. | 3-17 |
| 42 | അംഗൻവാടി ഫർണ്ണിച്ചർ വിതരണം --- അപാകതകൾ | 3-18 |
| 43 | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ധനസഹായം നൽകി. | 3-19 |

| | | |
|---|---|---|
| 44 | അംഗൻവാടി കെട്ടിടങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നില്ല. | 3-20 |
| 45 | ബാലസഭ-അധിക തുക ചെലവഴിച്ചു | 3-21 |
| 46 | വിനിയോഗ വിവരമില്ല - 803810/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-22 |
| 47 | എസ്.സി.വനിത മിനി വ്യവസായ കേന്ദ്രം -നിർമ്മാണം സമയപരിധിക്കുള്ളിൽ പൂർത്തീകരിച്ചില്ല. | 3-23 |
| 48 | ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം-10.63 ലക്ഷം രൂപ മുടങ്ങിക്കിടക്കുന്നു. | 3-24 |
| 49 | കരാറുകാരന്റെ മണ്ണ് ഉപയോഗിച്ചുള്ള മണ്ണ് ഫില്ലിംഗ്-അധിക നിരക്ക് നൽകി- 421012/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 3-25 |
| 50 | ടെണ്ടർ കുറവ് കണക്കാക്കിയില്ല-കരാറുകാരന് 1125/-രൂപ അധികം നൽകി | 3-26 |
| 51 | കുടിവെള്ള പദ്ധതി വാട്ടർ ടാങ്ക് നിർമ്മാണം-പദ്ധതി പൂർത്തീകരിച്ചില്ല-മറ്റ് അപാകതകൾ | 3-27 |
| 52 | അംഗൻവാടി നിർമ്മാണം-വാർഡ് 4 -ലക്ഷ്യം കൈവരിച്ചില്ല. | 3-28 |
| 53 | പ്രൊ.നം.61/16-അംഗൻവാടി നിർമ്മാണം-വാർഡ് 2-എഗ്രിമെന്റ് വെച്ചു,പ്രവൃത്തി ആരംഭിച്ചില്ല. | 3-29 |
| 54 | പ്രൊ.നം.122/16-PHC പുനരുദ്ധാരണം-പൂർത്തീകരിച്ചില്ല | 3-30 |
| 55 | സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 3-31 |
| 56 | റോഡ് കോൺക്രീറ്റിംഗ്-DAR ൽ നിന്നും വ്യതിചലിച്ച് പ്രവൃത്തി നിർവ്വഹിച്ചു | 3-32 |
| 57 | ആശ്രയ പദ്ധതി - രണ്ടാം ഘട്ട പദ്ധതികൾ പൂർത്തികരിക്കേണ്ടതാണ്. | 3-33 |
| | ഭാഗം 4 | |
| 58 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 59 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 60 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 61 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 62 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 63 | ഓഡിറ്റ് റിക്കവറി | 4-6 |
| 64 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 65 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 66 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 67 | അനുബന്ധം | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 28.03.2015 ലെ കമ്മിറ്റി തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 142302429 രൂപയും ചെലവ് 137512800രൂപയും ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2016 | 30.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

2014-15ലെ സാക്ഷ്യപത്രത്തിലെ താഴെ പ്പറയുന്ന അപാകതകൾ തീർപ്പാക്കാൻ അവശേഷിക്കുന്നു.

1. (എ) തൊഴിൽ നികുതി (സ്ഥാപനം, ജീവനക്കാർ), ഡി ആന്റ് ഒ എന്നിവയുടെ ഡി.സി.ബി. വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

(ബി) ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല

*2.(എ)* ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ഇ.എം.എസ്.ഭവന പദ്ധതി ലോൺ തിരിച്ചടവ് *3665565* രൂപയാണ് . വാർഷിക കണക്ക് ഷെഡ്യൂൾ ബി *16* പ്രകാരം *3468065* രൂപയാണ് . വ്യത്യാസം *197500*

*(ബി) Special Nutrition Programme (SNP)* യുടെ കേന്ദ്രവിഹിതമായി ലഭിച്ച തുകയുടെ മുന്നിരിപ്പ് , വരവ്, ചെലവി , നീക്കിയിരിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

*3. (എ)* ബാലൻസ് ഷീറ്റ് *(*ഷെഡ്യൂൾ ബി *4)* പ്രകാരം വികസനഫണ്ട് എസ്.സി.പി. ക്യാപിറ്റൽ എന്ന ഹെഡ്ഡിൽ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നത് *1500000* രൂപയാണ്. എന്നാൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം നീക്കിയിരിപ്പ് *45000* രൂപയാണ്.

*(ബി)* ബാലൻസ് ഷീറ്റ് *(*ഷെഡ്യൂൾ ബി *4)* പ്രകാരം ജില്ലാ പഞ്ചായത്ത് റവന്യൂ ചെലവിന്റെ

നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നത് *136409*രൂപയാണ്. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം നീക്കിയിരിപ്പ് *136467* രൂപയാണ് . വ്യത്യാസം *58*

*4.* നാളിതുവരെ സൃഷ്ടിക്കപ്പെട്ട ആസ്തി ബാധ്യതാ വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
*5. എൽ.എഫ്.ടി. (ഇ3)1404/14(14) തിയതി. 9.10.14 പ്രകാരം 2013-14 വർഷത്തിൽ വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രമാണ് നൽകിയിട്ടുള്ളത്. ആയതിലെ അപാകതകൾ നാളിതുവരെ പരിഹരിച്ചിട്ടില്ല.*

2015-16 വാർഷിക ധനകാര്യപത്രികയിലെ ന്യൂനതകൾ.

വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷത്തിൽ നടത്തിയ സ്റ്റോർ പർച്ചേസുകളുടെ മൂല്യം, ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് ഒരു സ്റ്റോക്ക് റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

2. നാളിതുവരെയുള്ള ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ DBT പ്രകാരമുള്ള ക്ഷേമ പെൻഷനുകളുടെ വരവ് ചെലവ് കണക്കുകൾ പരിശോധിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.മറ്റു പെൻഷനുകളുടെ വിനിയോഗം പരിശോധിക്കുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം - പെൻഷൻ രജിസ്റ്റർ പ്രകാരമുള്ള ചെലവ് തുക വാർഷികകണക്കിൽ വന്നിട്ടില്ല.

4.വിവിധ അക്കൗണ്ടുകളുടെ പാസ്സ് ബുക്ക്, ബാങ്ക് ബുക്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

5. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

6. ചെക്ക് / ഡിഡി രജിസ്റ്റർ പ്രകാരം ഐ.സി.ഡി.എസ് കേന്ദ്രവിഹിതമായി ലഭ്യമായ തുക 180225 രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ 4,47,263/- രൂപയാണ്.

7. തൊഴിൽ നികുതി രജിസ്റ്ററിലെ ഡിസിബി തുകയും , വാർഷിക കണക്കിലെ ഡിസിബിയും പൊരുത്തപ്പെടുന്നില്ല.

8. വാർഷിക കണക്കിലെ ഡി & ഒ ലൈസൻസ് ഫീസ് 2016-17 വർഷത്തേക്കുള്ള അഡ്വാൻസ് തുകയും രജിസ്റ്ററിലെ തുകയും പൊരുത്തപ്പെടുന്നില്ല.

9. വാർഷിക കണക്കിലെ പെർമിറ്റ് ഫീസ്, അപേക്ഷാഫീസ് എന്നിവയുടെ വരവ് തുകകൾ രജിസ്റ്ററിലേതുമായി പൊരുത്തപ്പെടുന്നില്ല.

10. വാർഷികകണക്കിലെ വിവിധ ഫണ്ടിനങ്ങളുടെ വരവ് ചെലവുകൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

11. ലോൺ രജിസ്റ്റർ എഴുതി ആധികാരികമാക്കിയിട്ടില്ല.

12. വസ്തു നികുതി മുൻ വർഷങ്ങളിലെ അധിക ഡിമാന്റ് കാരണം പിരിച്ചെടുത്ത തുക ക്രമീകരിച്ചിട്ടില്ല. 2014-15 ലെ അതേ തുക തന്നെ 2015-16 ലെ വാർഷികകണക്കിലും വന്നിട്ടുണ്ട്.

13. പഞ്ചായത്തിന് പിരിഞ്ഞു കിട്ടാനുള്ള വസ്തു നികുതി തുകക്ക് പ്രോവിഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കുടിശ്ശികക്ക് ആനുപാതികമായാണോ എന്നത് പരിശോധിക്കുന്നതിന് രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 34697227 |
| വരവ് | 40921669.23 |
| ആകെ | 75618896.23 |
| ചെലവ് | 56420054 |
| നീക്കിയിരിപ്പ് | 19198842.23 |

## 1-5ഫണ്ട് വിനിയോഗം

2015-16 വർഷത്തെ വാർഷികകണക്കിലെ തുകകളും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള തുകകളും വ്യത്യാസം ഉള്ളതിനാൽ വിവധ ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ ചേർക്കാൻ കഴിഞ്ഞിട്ടില്ല. ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ SFC പ്രൊഫോർമയിലെ വരവ് ചെലവ് കണക്കുകൾ കൃത്യമല്ലാത്തതിനാൽ ആയത് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 133 | 64695424 | 98 | 42202129 | 14 | 21 | 74 |

പൂർണ്ണമായും ഉപേക്ഷിച്ച പദ്ധതികൾ

1. മുട്ടക്കോഴി വളർത്തൽ

2. വീടിന് സ്ഥലം വാങ്ങൽ

3.ഓട്ടോറിക്ഷ വാങ്ങൽ

4. വൈദ്യുതി ലൈൻ പൂർത്തീകരണം

5. കുടിവെള്ള കിണറിന് സ്ഥലം വാങ്ങൽ

6. ICDP സബ്സെന്റർ വൈദ്യുതീകരണം

7. വെബ്സൈറ്റ് വരിസംഖ്യ

8.സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ

9. നിലവിലുള്ള സ്ട്രീറ്റ് ലൈനിൽ LED ലൈറ്റുകൾ സ്ഥാപിക്കൽ

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 122.69ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+) |
|---|---|---|---|---|
| നികുതി വരവുകൾ | 4966348 | 11892450 | 6926102 | 139 |
| നികുതിയേതര വരവുകൾ | 647018 | 884626 | 237608 | 36.7 |
| മറ്റുവരവുകൾ | 306350 | 207010 | 99340 | -32.4 |
| ആകെ | 5919716 | 12984086 | 7064370 | 122.69 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 120120 | 70 |
| കർഷകതൊഴിലാളി പെൻഷൻ | 1966893 | 272 |
| വിധവാപെൻഷൻ | 11225220 | 1276 |
| വാർദ്ധക്യകാലപെൻഷൻ | 7569030 | 1374 |
| വികലാംഗപെൻഷൻ | 3306116 | 344 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 361040 | 44 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 240000 | 10 |

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 3/12/2016ന് സ്ഥാപനത്തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2565 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതായ പ്രധാനപ്പെട്ട രജിസ്റ്ററുകളായ ആസ്തി രജിസ്റ്റർ , ഇൻക്യുമ്പൻസി രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവ കൃത്യതയോടെ സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററുകളുടെ സൂക്ഷിപ്പിൽ കണ്ടെത്തിയ ചില അപാകതകൾ ചുവടെ ചേർക്കുന്നു.

ആസ്തി രജിസ്റ്റർ -പൂർണ്ണവിവരങ്ങൾ ചേർത്തിട്ടില്ല സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്ററിൽ പഞ്ചായത്തിന്റെയും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടേയും പേരുകൾ ചേർത്തിട്ടുണ്ടെങ്കിലും ആസ്തികളുടെ നിർമ്മാണ വർഷം,ചെലവു തുക തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. സ.ഉ.255/2013

ത.സ്വ.ഭ.വ/18.07.2013 പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ആസ്തി രജിസ്റ്റർ പൂർണ്ണമാക്കേണ്ടതാണ്.

കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും സ്റ്റോക്ക് രജിസ്റ്റർ, 86/2010/fin തി. 24.09.2010 നം സർക്കുലറിൽ പറയുന്ന വിധത്തിൽ സൂക്ഷിച്ചിട്ടില്ല.

മുൻകൂർ രജിസ്റ്ററിൽ എല്ലാ തരത്തിലുള്ള മുൻകൂറുകളും എഴുതിച്ചേർത്തിട്ടില്ല.

ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഡെപ്പോസിറ്റ് പ്രവൃത്തിയുടെ പേര് വൗച്ചർ നം ,തിയ്യതി തുടങ്ങിയവ ചേർത്തിട്ടില്ല. തുകയും, സ്ഥാപനങ്ങളുടെ പേരുകൾ എന്നിവ മാത്രമാണ് ചേർത്തിട്ടുള്ളത്.

എല്ലാ അപേക്ഷകളും , പരാതികളും ഫ്രണ്ട് ഓഫീസ് മുഖേന സ്വീകരിക്കുകയും യഥാസമയം നടപടികളെടുത്തുവരികയും ചെയ്യുന്നുണ്ട്.

ഓഫീസ് ഓർഡർ പ്രകാരം എല്ലാ ജീവനക്കാർക്കും അവരവരുടെ ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പ്

07.01.2014ൽ വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങൾ ചേർന്നിട്ടുണ്ട്. 2015-16 വർഷത്തെ പദ്ധതി നിർദ്ദേശങ്ങൾ ചർച്ചചെയ്തിട്ടുണ്ട്. പിന്നീട് 25.02.2015ലും 13.06.2016 ലുമാണ് വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ കൂടിയിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി മോണിറ്ററിംഗ് നടത്തുകയോ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സിൽ ഇതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല. പല വർക്കിംഗ് ഗ്രൂപ്പുകളുടേയും യോഗങ്ങളിലെ തീരുമാനങ്ങൾ മിനിട്സിൽ ചേർത്തിട്ടില്ല.

ഗ്രാമസഭ

06/2015, 09/15, എന്നീ മാസങ്ങളിലായി വിവിധ വാർഡുകളിലെ ഗ്രാമസഭാ യോഗങ്ങൾ നടന്നിട്ടുണ്ട്. 06/15 ലെ ഗ്രാമസഭയിൽ വ്യക്തിഗത ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് നടന്നിട്ടുണ്ട്. കേരളാ പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3(എ) ഉപവകുപ്പ് ജെ പ്രകാരം സർക്കാരിൽ നിന്നു ലഭിക്കുന്ന പെൻഷൻ, സബ്സിഡി എന്നിവ ലഭിക്കുന്ന ആളുകളുടെ അർഹത പരിശോധിക്കൽ ഗ്രാമസഭയുടെ ചുമതലയാണ്. എന്നാൽ പെൻഷൻ അപേക്ഷകരുടെ അർഹത ഗ്രാമസഭ അംഗീകരിച്ചിട്ടില്ല. ഗ്രാമസഭയുടെ പരിഗണനയ്ക്ക് വരുന്ന ഓഡിറ്റ് റിപ്പോർട്ടുകളെ കുറിച്ച് യോഗത്തിൽ ചർച്ച ചെയ്യേണ്ടതാണെന്ന നിബന്ധന പാലിച്ചിട്ടില്ല. (കേ.പ.രാ.വകുപ്പ്.3(3))

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.11.2016- 11.11.2016 | 10/16 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.11.2016-24.11.2016 | 2013-14 മുതൽ 2015-16വരെ | ലഭിച്ചിട്ടില്ല. |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 റദ്ദ് ചെയ്ത സാംഖ്യ രശീതികൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല

ഓഡിറ്റ് കാലയളവിൽ റദ്ദ് ചെയ്ത സാംഖ്യ രശീതികൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. റദ്ദ് ചെയ്ത രശീതികൾ സാക്ഷ്യപ്പെടുത്താതിരിക്കുന്നത് ഗുരുതരമായ ക്രമക്കേടുകൾക്ക് വഴി വക്കാനിടയുണ്ട്. ആയതിനാൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 സാംഖ്യ രശീതി പ്രകാരം വരവ് വന്ന തുക Day bookൽ വരവ് രേഖപ്പെടുത്തിയിട്ടില്ല.

10/03/2016 ലെ 1150410291 നമ്പർ(സ്റ്റേഷനറി നം.7658790) പ്രകാരം 43200/- രൂപ വരവുണ്ട്.എന്നാൽ 10/03/2016 ലെ Day book ൽ ടി തുകയുടെ വരവില്ല. എന്നാൽ പാസ്സ് ബുക്കിൽ വരവ് വച്ചതായും കാണുന്നു. അക്കൗണ്ടിംഗിലെ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 2-3 സാമ്പത്തിക ഇടപാടുകൾ ഇല്ലാത്ത അക്കൗണ്ടുകൾ അവസാനിപ്പിക്കേണ്ടതാണ്.

വാർഷിക ധനകാര്യ പത്രിക പ്രകാരം താഴെ പറയുന്ന അക്കൗണ്ടുകളിൽ നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്.

| ക്രമനം | അക്കൗണ്ട് നം | ബാങ്ക് | ആവശ്യം | നീക്കിയിരിപ്പ് |
|---|---|---|---|---|
| 1 | 10351821047 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | സോഷ്യോ ഇക്കോണമിക്ക് സെൻട്രൽ | 439060.92(25.6.2016 ലെ) |
| 2 | 57008825896 | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ | വാർദ്ധക്യകാല പെൻഷൻ | 2540(25.04.2016ലെ) |
| 3 | 10351807838 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | സാക്ഷരത | 3181.81(26.6.16ലെ) |

മേൽ അക്കൗണ്ടുകൾ നിലവിൽ ഉപയോഗിക്കുന്നില്ല. ഇടപാടുകൾ ഇല്ലാത്ത അക്കൗണ്ടുകൾ സർക്കാർ അനുമതിയോടെ അവസാനിപ്പിക്കേണ്ടതാണ്.

## 2-4 ഇ-ടെണ്ടർ-ടെണ്ടർ ഫോം വില പഞ്ചായത്തിന് ലഭ്യമായില്ല

2015-16 വർഷത്തിൽ ഇ-ടെണ്ടർ നടത്തിയ താഴെ പറയുന്ന പ്രവൃത്തികളിൽ ടെണ്ടർ ഫോം വിലയിനത്തിൽ പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന തുക നാളിതുവരെ ലഭ്യമായിട്ടില്ല. ആയത്

ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | പ്രവൃത്തിയുടെ പേര്/നം | അടങ്കൽ | ടെണ്ടർ ഫോം വില | തുക |
|---|---|---|---|---|
| 1. | 120/16-വെറ്ററിനറി ഡിസ്പെൻസറി നവീകരണം | 800000 | 1680 | 1680x2=3360 |
| 2. | 126/16-എം.ജി.റോഡ് മെറ്റലിംഗ്&ടാറിംഗ് | 535000 | 1155 | 1155x2=2310 |
| 3. | 122/16-PHC മെയിന്റനൻസ് | 932173 | 1995 | 1995x2=3990 |
| 4. | 114/16-ഒറ്റയിനി കോളനി റോഡ് മെറ്റലിംഗ് &ടാറിംഗ് | 521000 | 1155 | 1155x2=2310 |
| 5. | 116/16-തന്തക്കുഴി റോഡ് മെറ്റലിംഗ് &ടാറിംഗ് | 500000 | 1050 | 1050x1<br>525x1 =1575 |
| 6. | 136/16-MIC സ്കൂളിനു സമീപം ഡ്രെയിനേജ് നിർമ്മാണം | 510000 | 1050 | 1050x2=2100 |
| 7. | 118/16-മന്ദലാംകുന്ന് GFUPS ചുറ്റുമതിൽ നിർമ്മാണം | 1150000 | 1890 | 1890x2=3780 |
| | ആകെ | | | 19425/- |

## 2-5 പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള അനുമതി വാങ്ങിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് 2014-15 വർഷം ഡി & ഒ ലൈസൻസും പാരാമെഡിക്കൽ രജിസ്ട്രേഷനും നല്കിയിട്ടുണ്ട്. എന്നാൽ 09/12/12 ലെ 47724/ ഡി.സി1/ 12/LSGD നം സർക്കുലർ പ്രകാരം പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നല്കുന്നതിനു മുൻപായി പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള അനുമതി വാങ്ങേണ്ടതാണ്. എന്നാൽ ഇതില്ലാതെയാണ് രജിസ്ട്രേഷൻ നല്കിയിട്ടുള്ളത്. പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള അനുമതി വാങ്ങാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ
1.ദിവ്യ ക്ലിനിക്കൽ ലാബ്,എടക്കഴിയൂർ

2.അൽ ഹയാത്ത് ക്ലിനിക്കൽ ലാബ്,എടക്കഴിയൂർ

3. ആരിഫിയ ക്ലിനിക്,എടക്കഴിയൂർ

4.കെയർ ഡെന്റൽ ക്ലിനിക്, എടക്കഴിയൂർ

## 2-6 D&O ലൈസൻസ് കുറഞ്ഞ ഫീസ് ഈടാക്കി

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് D&O ലൈസൻസ് ചട്ടം 7, ചട്ടം15 എന്നവ പ്രകാരം

ഈടാക്കേണ്ടതിനേക്കാൾ കുറഞ്ഞ ഫീസാണ് ഈടാക്കിയിരിക്കുന്നത്.

| D&O സീരിയൽ നം. | സ്ഥാപനത്തിന്റെ പേര് | വിറ്റു വരവ്/യന്ത്രത്തിന്റെ കുതിര ശക്തി | ഈടാക്കേണ്ടതുക | ഈടാക്കിയ തുക |
|---|---|---|---|---|
| 24 | CMK പെട്രോനൈറ്റ് | 60000രൂപ | 2000 | 1000 |
| 56 | അൽ-ഫലാഹ് ഐസ് ഫാക്ടറി | 120HP | 2000 | 600 |
| | ആകെ | | 4000 | 1600 |

ഈടാക്കാനുള്ള തുകയായ 1400 രൂപ എത്രയും വേഗം ഈടാക്കേണ്ടതാണ്.

## 2-7 D&O ലൈസൻസ് ചട്ടപ്രകാരം ഹാജരാക്കേണ്ട രേഖകൾ ഇല്ലാതെ ലൈസൻസ് അനുവദിച്ചു

2015-16 വർഷത്തിൽ ചട്ടപ്രകാരം ഹാജരാക്കേണ്ട താഴെ പറയുന്ന രേഖകൾ ഇല്ലാതെ സമർപ്പിച്ച അപേക്ഷകൾക്ക് ലൈസൻസ് അനുവദിച്ചു.

1) 50മൈക്രോണിൽ കുറവുള്ള പ്ലാസ്റ്റിക്കുകളും നിരോധിത പ്ലാസ്റ്റിക്കുകളും ഉല്പാദിപ്പിക്കുകയോ ശേഖരിക്കുകയോ വിൽക്കുകയോ ചെയ്യുന്നതല്ലെന്ന സത്യവാങ്മൂലം അപേക്ഷകളുടെ കൂടെ ഇല്ല.

2) കേരള പഞ്ചായത്ത് രാജ് ഡി & ഒ ലൈസൻസ് ചട്ടങ്ങളിലെ ചട്ടം 12 ഉപചട്ടം 3(ഡി) പ്രകാരം 5 കുതിരശക്തിയിൽ കവിയാത്ത യന്ത്രമുപയോഗിച്ചുള്ളതും പരിസര മലിനീകരണമുണ്ടാക്കാത്തതുമായ വ്യവസായ സ്ഥാപനങ്ങൾക്ക് ഇതര സ്ഥാപനങ്ങളുടെ നിരാക്ഷേപ പത്രമോ പ്രത്യേക അനുമതിയോ കൂടാതെ ലൈസൻസ് അനുവദിക്കാം. അല്ലാത്തവയ്ക്ക് യന്ത്രസാമഗ്രികൾ ഉപയോഗിച്ചുള്ള വ്യവസായങ്ങൾക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെയും മറ്റു ക്ലിയറൻസ് ആവശ്യമുള്ള സംഗതിയിൽ ഇതര വകുപ്പുകളുടെ അനുമതിയും ആവശ്യമാണ്. എന്നാൽ ലൈസൻസ് അനുവദിച്ചിട്ടുള്ള വ്യവസായങ്ങൾക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി/ ഇതര വകുപ്പുകളുടെ അനുമതി ഇല്ല.

3) 2015-16 വർഷംലൈസൻസ് അനുവദിച്ച ഭൂരിഭാഗം അപേക്ഷകളിലും സാനിറ്ററി സർട്ടിഫിക്കറ്റ് ഇല്ല. മത്സ്യ- മാംസ വ്യാപാര സ്ഥാപനങ്ങൾ, ഹോട്ടലുകൾ, ചായക്കടകൾ, ബേക്കറി എന്നിവയ്ക്ക് ആരോഗ്യ വകുപ്പ് അധികാരികളിൽ നിന്നുള്ള സാനിറ്ററി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് സെക്രട്ടറി ഉറപ്പാക്കണം. മാത്രമല്ല സർക്കുലർ നമ്പർ 66562/ ആർസി3/2012/തസ്വഭവ/ തിയതി 11.01.2013 പ്രകാരം ലൈസൻസുകൾ പുതുക്കുന്നതിന് ലഭിക്കുന്ന അപേക്ഷകളിൻമേൽ സ്ഥല പരിശോധന നടത്തുന്നതിന് ഹെൽത്ത് ഇൻസ്പെക്ടർക്ക് കൈമാറേണ്ടതും ഹെൽത്ത് ഇൻസ്പെക്ടർ ഇതു സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതുമാണ്.

4)CMK petronet എന്ന പേരിലുള്ള പെട്രോൾ പമ്പിന്

ആവശ്യമായ രേഖകൾ ഇല്ലാതെ ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

5)ഫാസിൽ സോമിൽ എന്ന തടിമില്ലിന്റെ അപേക്ഷയോടൊപ്പം വനം വകുപ്പിന്റെ ലൈസൻസ് ഹാജരാക്കിയിട്ടില്ല.

മേൽ ന്യൂനതകൾ പരിഹരിക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 2-8 പഞ്ചായത്ത് പരിധിയിലെ മൊബൈൽ ടവറുകളുടെ കൃത്യമായ കണക്കില്ല

പഞ്ചായത്ത് പരിധിയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള മൊബൈൽ ടവറുകളുടെ എണ്ണം, ലൊക്കേഷൻ, വിസ്തീർണ്ണം, നിർമ്മാണ വർഷം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ പഞ്ചായത്ത് പ്രദേശത്ത് സ്ഥാപിക്കപ്പെട്ടിട്ടുള്ള മൊബൈൽ ടവറുകളുടെ കൃത്യമായ കണക്കും എല്ലാ മൊബൈൽ ടവറുകളും പെർമിറ്റ് എടുത്താണോ സ്ഥാപിച്ചിട്ടുള്ളത് എന്നും വസ്തുനികുതി കൃത്യമായി ഈടാക്കി വരുന്നുണ്ടോയെന്നും പരിശോധിച്ച് ബോദ്ധ്യപ്പെടുന്നതിന് സാധിച്ചിട്ടില്ല. 2015-16 വർഷത്തെ ഓഡിറ്റിനോടനുബന്ധിച്ച് നടത്തിയ ഭൗതിക പരിശോധനയിൽ മൊബൈൽ ടവറുകൾ പഞ്ചായത്ത് പരിധിയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളതായി കാണാൻ കഴിഞ്ഞു. അനുമതിയില്ലാതെ ടവറുകൾ പ്രവൃത്തിക്കുന്നതായാണ് മനസ്സിലായിട്ടുള്ളത്. അനധികൃത മൊബൈൽ ടവറുകളുടെ പ്രവർത്തനം സംബന്ധിച്ച് സർക്കുലർ നം. 40395/ആർ.സി2/2014/തസ്വഭവ തിയതി 19-10-2014 ലെ നിർദ്ദേശാനുസരണമുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-9 ബിൽഡിംഗ് പെർമിറ്റ് -രജിസ്റ്ററിൽ പൂർണവിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

04/2009 മുതൽക്കുള്ള പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ, 2015-16 വർഷത്തിൽ പെർമിറ്റ്കാലാവധി അവസാനിക്കുന്നതും നിർമാണം പൂർത്തിയാകാത്തതുമായ കെട്ടിടങ്ങളിൽ കാലാവധിക്കുശേഷം നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ അനധികൃതമായി കണക്കാക്കി കെട്ടിടങ്ങളുടെ പെർമിറ്റ് പുതുക്കുന്നതിന് നോട്ടീസ് നൽകിയിട്ടില്ല. പൂർത്തിയായ കെട്ടിടങ്ങളുടെ നമ്പർ നല്കിയതിന്റെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ ഇതു സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുക ദുഷ്കരമാവുന്നു. പെർമിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം ഇത്തരത്തിൽ പൂർത്തീകരണ വിവരം രേഖപ്പെടുത്താത്ത ധാരാളം കെട്ടിടങ്ങൾ ഉള്ളതായി കാണുന്നു. പെർമിറ്റ് രജിസ്റ്ററിലെ എല്ലാ കോളങ്ങളും പൂരിപ്പിച്ച് സൂക്ഷിക്കേണ്ടതാണ്.

## 2-10 ക്രമവത്ക്കരിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ - രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2011ലെ കേരള പഞ്ചായത്ത് രാജ്കെട്ടിട നിർമ്മാണചട്ടങ്ങൾ ചട്ടം 137(3) പ്രകാരം ക്രമവത്ക്കരിച്ച കെട്ടിടങ്ങളുടെ വിവരം സെക്രട്ടറി Appendix j ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണ്.എന്നാൽ ഈ നിർദ്ദേശം പാലിച്ചിട്ടില്ല.

കെട്ടിട നിർമ്മാണം പൂർത്തിയാക്കി നമ്പറിംഗിനു വേണ്ടി ഗ്രാമ പഞ്ചായത്തിനെ സമീപിക്കുന്ന സമയത്ത് ഫീസ് ഈടാക്കി ക്രമവത്ക്കരണം നടത്തുന്ന രീതിയാണ് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ളത്. 2011ലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2014ലെ അനധികൃത കെട്ടിട നിർമ്മാണം ക്രമവത്ക്കരണ ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഫീൽഡ് പരിശോധന കൂടി അനിവാര്യമാണ്. ഇപ്രകാരം ഫീൽഡ് പരിശോധന നടത്തുന്നതിന് യാതൊരു നടപടിയും ഗ്രാമ പഞ്ചായത്ത് സ്വീകരിച്ചു കാണുന്നില്ല. ചട്ടങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും അനധികൃത നിർമ്മാണങ്ങൾ പ്രാരംഭത്തിൽ തന്നെ തടയുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.പ്രസ്തുത രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്.

## 2-11 അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടികൾ

## സ്വീകരിക്കുന്നില്ല.

പഞ്ചായത്തിൽ അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ഏതു തരത്തിലുള്ള ലംഘനമാണെന്നോ, സ്വീകരിച്ച നടപടികളുടെ വിവരങ്ങളോ ലഭ്യമല്ല. രജിസ്റ്റർ പ്രകാരം 39 എണ്ണം മാത്രമാണ് അനധികൃത നിർമ്മാണങ്ങളായി കണ്ടെത്തിയവ. 19.5.2014-ലെ 29342/RA1 /2014/ത.സ്വ.ഭ.വ ഉത്തരവിൽ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച രേഖകൾ സൂക്ഷിക്കാത്ത സ്ഥാപനങ്ങൾക്കെതിരേ നടപടികൾ സ്വീകരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ടി സർക്കുലറിലെ അനുബന്ധം 1 പ്രകാരം പ്രകാരം അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## 2-12 പെർമിറ്റ് ഫയലുകൾ പരിശോധിച്ചതിൽ കാണപ്പെട്ട അപാകതകൾ

1. ലഭിക്കുന്ന അപേക്ഷകളിൽമേൽ അന്വേഷണം നടത്താതെ പെർമിറ്റ് അനുവദിച്ചതായി കാണുന്നു. എല്ലാ ഫയലുകളിലും എൽ.എസ്.ജി.ഡി. വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ട് ഇല്ല.

2. അപേക്ഷയോടൊപ്പം ഹാജരാക്കുന്ന കൈവശ സർട്ടിഫിക്കറ്റിൽ ഭൂമിയുടെ തരം രേഖപ്പെടുത്തിയിട്ടില്ല. കൈവശ സർട്ടിഫിക്കറ്റുകളിൽ NA, Same as in BTR എന്നിങ്ങനെയാണ് രേഖപ്പെടുത്തിയിട്ടുള്ളത് , ഇത്തരത്തിലുള്ള കൈവശ സർട്ടിഫിക്കറ്റ് ഹാജരാക്കുമ്പോൾ ഭൂമി പഞ്ചായത്തിന്റെ " നെൽവയൽ - തണ്ണീർത്തട ഡാറ്റാ ബാങ്ക്" ൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് പരിശോധിക്കാതെ പെർമിറ്റ് അനുവദിച്ചിരിക്കുന്നു.

ഓഡിറ്റിന് ഹാജരാക്കിയ 21.08.2014 ൽ പ്രസിദ്ധീകരിച്ച പഞ്ചായത്തിന്റെ കേരള നെൽവയൽ - തണ്ണീർത്തട ഡാറ്റാ ബാങ്ക് പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചവ ഡാറ്റാ ബാങ്കിൽ നഞ്ച വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. 22.01.2011ലെ 4545/RA1/ 11 തസ്വഭവ നമ്പർ സർക്കുലർ പ്രകാരം 300m2 ൽ കുറവ് വിസ്തീർണ്ണം ഉള്ള വീടുകൾക്ക് കെട്ടിട നിർമ്മാണ അനുമതി നല്കാവുന്നതും ആയത് കമ്മിറ്റിയിൽ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിലാവണമെന്നതും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായി പെർമിറ്റ് അനുവദിക്കുന്നതായി കണ്ടു.

ഉദാ:-

| പെർമിറ്റ് നം, ആവശ്യം, വിസ്തീർണ്ണം | ഉടമസ്ഥന്റെ പേര് | സർവ്വേ നം | ഡാറ്റാ ബാങ്ക്പ്രകാരം ഭൂമിയുടെ തരം | കൈവശ സർട്ടിഫിക്കറ്റ് പ്രകാരം ഭൂമിയുടെ തരം | കുറിപ്പുകൾ |
|---|---|---|---|---|---|
| 21/15-16 റെസിഡൻഷ്യൽ 398.04M2 | എം.വി.ഹൈദരാലി വീട്ടിപ്പറമ്പിൽ | 100/3,4 എടക്കഴിയൂർ വില്ലേജ് | നഞ്ച | Same as in BTR | നഞ്ച കമ്മിറ്റി തീരുമാനം ഇല്ല, . |

| | | | | | |
|---|---|---|---|---|---|
| 9/15-16, വാണിജ്യാവശ്യം 100M2 | ജിനേഷ്. വെള്ളാറ (ഹൗസ്) | 286/15 എടക്കഴിയൂർ വില്ലേജ് | നഞ്ച | Same as in BTR | നഞ്ച കമ്മിറ്റി തീരുമാനം ഇല്ല, സർക്കുലർ പ്രകാരം വാണിജ്യാവശ്യത്തിന പെർമിറ്റ് അനുവദിക്കാവുന്നതല്ല. |
| എ3- 4764/ 15 03.11.2015 റെസിഡൻഷ്യൽ ക്വാർട്ടേഴ്സ് | ഉസ്മാൻ. കെ കറുപ്പംവീട്ടിൽ തിയ്യാത്തയിൽ. പി.ഒ.എടക്കര | 299/12, പുന്നയൂർ വില്ലേജ് | നഞ്ച | Same as in BTR | നഞ്ച കമ്മിറ്റി തീരുമാന പ്രകാരം അനുവാദം നല്കിയിട്ടുണ്ട്. സർക്കുലർ പ്രകാരം റെസിഡൻഷ്യൽ ക്വാർട്ടേഴ്സുകൾക്ക് പെർമിറ്റ് അനുവദിക്കാവുന്നതല്ല. |

മേൽ പ്രകാരം പെർമിറ്റ് നല്കിയത് ക്രമ പ്രകാരമല്ല. ഉത്തരവിന വിരുദ്ധമായി പെർമിറ്റ് നല്കിയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നല്കിയതിനുള്ള വിശദീകരണം തൃപ്തികരമല്ല.

## 2-13 പഞ്ചായത്ത് കമ്മറ്റി ലേലം അംഗീകരിച്ചിട്ടുണ്ട്-ലേലമിനത്തിൽ വരവില്ല.

13/4/15 ലെ തീരുമാനം 3(1) പ്രകാരം PHC കോമ്പൗണ്ടിലെ പൂമരം 1000/- രൂപക്കും,തീരുമാനം 3(2) പ്രകാരം അകലാട് AUPS കോമ്പൗണ്ടിലെ പൂമരം 360/-രൂപക്കും, തീരുമാനം 3(3) പ്രകാരം വാര്ഡ്8 ലെ കുരഞ്ഞിയൂർ ലക്ഷം വീട് കോളനിയിലെ അയനിമരം 35500/- രൂപക്കും,തീരുമാനം 3(4) പ്രകാരം വാര്ഡ് 8 ലെ ഇലവ് മരം 8200/- രൂപക്കും ലേലം നല്കാൻ തീരുമാനിച്ചിരുന്നു. എന്നാൽ 15-16 ലെ വാർഷിക കണക്ക് പ്രകാരം ഈയിനത്തിൽ വരവില്ല. മാത്രമല്ല, ലൈബ്രറിയിലെ പഴയ പത്ര മാസികകൾ,ഇരുമ്പ് പ്ലാസ്റ്റിക് സാധനങ്ങൾ എന്നിവയും ലേലം ചെയ്യാൻ 16/9/15 ൽ കമ്മറ്റി തീരുമാനമെടുത്തിരുന്നു.

ആയതിനാൽ ഈയിനത്തിൽ വരവ് നഷ്ടം സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും, നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ ഉത്തരവാദിയായവരിൽനിന്നും ഈടാക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി പ്രവർത്തനം

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 25 | 14 | 12815067 | 5509997 | 43 |

| | | | | | |
|---|---|---|---|---|---|
| അസി എഞ്ചിനീയർ | 64 | 51 | 25647764 | 20197643 | 79 |
| കൃഷി ഓഫീസർ | 4 | 4 | 3324900 | 1370324 | 41 |
| വെറ്ററിനറി സർജൻ | 6 | 5 | 1182500 | 487948 | 41 |
| മെഡിക്കൽ ഓഫീസർ പി എച്ച്സി | 5 | 5 | 88000 | 853420 | 97 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 1 | 1 | 700000 | 700000 | 100 |
| വി ഇ ഒ | 9 | 6 | 12101000 | 7421000 | 61 |
| ഐസി ഡി എസ് സൂ പ്പർവൈസർ | 5 | 5 | 1239100 | 920512 | 74 |
| ഹെഡ് മാസ്റ്റർ ഗവ.യു.പി സ്കൂൾ | 8 | 6 | 1736000 | 1411285 | 81 |
| അസി സെക്രട്ടറി | 6 | 5 | 5069093 | 3330000 | 66 |

സെക്രട്ടറി,കൃഷിഓഫീസർ,വെറ്റിനററി സർജൻ, എന്നിവർ വകയിരുത്തിയ തുകയുടെ 50ശതമാനത്തിൽ താഴെയാണ് ചെലവഴിച്ചിട്ടുള്ളത്. മരുന്നു വാങ്ങൽ പ്രൊജക്റ്റ് മാത്രം നിർവ്വഹിച്ച ആയുർവേദ മെഡിക്കൽ ഓഫീസർക്ക് മാത്രമാണ് 100ശതമാനം ഫണ്ടും ചെലവഴിക്കാനായത്. പദ്ധതിപണം പൂർണ്ണമായി ചെലവഴിക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥർക്ക് സാധ്യമാകാത്തതിന്റെ കാരണം കണ്ടെത്തി പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-2 പദ്ധതിചെലവ് നിരീക്ഷിക്കൽ - പദ്ധതി പണം പൂർണ്ണമായും ചെലവഴിച്ചില്ല

2015-16 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന് ലഭ്യമായ വിവിധ ഫണ്ടുകളുടെ ചെലവ് വിവരം താഴെ കൊടുക്കുന്നു.

| ക്രമനം | ഫണ്ടിനം | വകയിരുത്തിയത് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | പ്ലാൻ ഫണ്ട് ജനറൽ | 14674418 | 11725470 | 80 |
| 2 | പ്ലാൻ ഫണ്ട് SCP | 7682932 | 4298775 | 56 |
| 3 | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 7950853 | 6712926 | 84.43 |
| 4 | ലോകബാങ്ക് ധനസഹായം | 4850000 | 4333615 | 89.35 |
| 5 | പ്ലാൻ ഫണ്ട് TSP | 45000 | തിരിച്ചടച്ചു | |
| 6 | കേന്ദ്ര ധനസഹായം | 447263 | -- | 0 |

| | | | | |
|---|---|---|---|---|
| 7 | മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 7901228 | 5331815 | 68 |
| 8 | മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 5220663 | 5059480 | 97 |
| 9 | തനത് ഫണ്ട് | 75118305 | 3143374 | 42 |
| 10 | ബ്ലോക്ക് വിഹിതം | 155000 | 155000 | 100 |
| 11 | ജില്ലാ പഞ്ചായത്ത് വിഹിതം | 200500 | 155000 | 77.3 |

2015-16 വർഷം പ്രോജക്ടുകൾക്കായി വകയിരുത്തിയ ഫണ്ടുകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചിട്ടില്ല. വിവിധ പദ്ധതികൾക്കായി വകയിരുത്തിയ SCP പ്ലാൻ ഫണ്ട് 56 ശതമാനവും ,ധനകാര്യകമ്മീഷൻ ഗ്രാന്റ് 75 ശതമാനവുമാണ് ചെലവ് ചെയ്തത്. പൂരക പോഷകാഹാരം കേന്ദ്ര ധനസഹാചട്ടങ്ങൾയം 447263 രൂപ പ്രോജക്ടിനായി വകയിരുത്തുകയോ ചെലവഴിക്കുകയോ ചെയ്തില്ല.

## 3-3 വൗച്ചറുകൾ ഹാജരാക്കിയില്ല.- ചെലവു തുക തടസ്സപെടുത്തുന്നു

തനതു ഫണ്ടിൽ നിന്ന് ചെലവഴിച്ച താഴെ പറയുന്ന ചെലവുകളുമായി ബന്ധപ്പെട്ട വൗച്ചറുകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. വൗച്ചറുകളുടെ അഭാവത്തിൽ ഈ ഇനത്തിൽ ചെലവഴിച്ച തുക തടസ്സത്തിൽ വയ്ക്കുന്നു.

| ക്രമനംപർ | വൗച്ചർ നം. | തീയ്യതിചട്ടങ്ങൾ | സംഖ്യ | ചെലവ് വിവരം |
|---|---|---|---|---|
| 1 | 21500598 | 09.12.15 | 800 | ഭരണസമിതി അംഗങ്ങളുടെ യാത്ര ബിൽ |
| 2 | 21500599 | “ | 4400 | “ |
| 3 | 21500600 | “ | 3200 | “ |
| 4 | 21500601 | “ | 2900 | “ |
| 5 | 21500602 | “ | 2200 | “ |
| 6 | 21500603 | ചട്ടങ്ങൾ“ | 2400 | “ |
| 7 | 21500604 | “ | 2600 | “ |
| 8 | 21500605 | “ | 5300 | “ |
| 9 | 21500606 | “ | 2800 | “ |
| 10 | 21500607 | “ | 2000 | “ |
| 11 | 21500608 | “ | 3250 | പ്രസിഡണ്ടിന്റെ യാത്ര ബിൽ |
| 12 | 21500609 | “ | 3200 | വൈസ് പ്രസിഡണ്ടിന്റെ യാത്ര ബിൽ |
| 13 | 21500610 | “ | 3250 | സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാന്റെ യാത്ര ബിൽ |
| 14 | 21500611 | “ | 2800 | ഭരണസമിതി അംഗങ്ങളുടെ യാത്ര ബിൽ |

| | | | | |
|---|---|---|---|---|
| 15 | 21500612 | ചട്ടങ്ങൾ“ | 2000 | “ |
| 16 | 21500613 | “ | 4250 | സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാന്റെ യാത്ര ബിൽ |
| 17 | 21500614 | “ | 25751 | പ്രസിഡണ്ടിന്റെ യാത്ര ബിൽ |
| 18 | 21500615 | “ | 3200 | ഭരണസമിതി അംഗങ്ങളുടെ യാത്ര ബിൽ |
| 19 | 21500616 | “ | 4250 | വൈസ് പ്രസിഡണ്ടിന്റെ യാത്ര ബിൽ |
| | | ആകെ | 80551 | |

കേരള പഞ്ചായത്ത് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 12 പ്രകാരം രേഖകളോ, കണക്കുകളോ നൽകുന്നതിന് വീഴ്ച വരുത്തിയാൽ അത്തരം രേഖയോ കണക്കോ നിലവിലില്ല എന്ന് കരുതപ്പെടുന്നതും അത്തരത്തിൽ രേഖകളില്ലാതെ നടത്തിയ ചെലവായി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്.

## 3-4. മുൻകൂർ പിൻവലിക്കൽ- സർക്കാർ ഉത്തരവിന് വിരുദ്ധം.

കേരള ധനകാര്യവകുപ്പിന്റെ 12.04.2006ലെ 177/2000/ ഫിൻ ഉത്തരവ് &കേരള സ.ഉ (എം.എസ്) നമ്പർ 362/2013/ തസ്വഭവ തീയ്യതി 16.11.13 (ഖണ്ഡിക 11.13(xi)) എന്നിവ പ്രകാരം അനുവദനീയമായ കാര്യങ്ങളിൽ മാത്രമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലാൻ ഫണ്ടിൽ നിന്ന് മുൻകൂർ പിൻവലിക്കാൻ അനുമതിയുള്ളൂ. എന്നാൽ ഈ ഉത്തരവുകൾക്ക് വിരുദ്ധമായി ഹെഡ്മിസ്ട്രസ്സ് ജി.എം.എൽ.പി സ്കൂളുകൾ നിർവ്വഹണോദ്യോഗസ്ഥയായി 2015-16 വർഷം നടപ്പാക്കിയ താഴേ പറയുന്ന പ്രോജക്ടുകൾക്കായി ,പദ്ധതി പൂർത്തികരണത്തിന് മുൻപായി സംഖ്യ പിൻവലിക്കുകയും 2016-17 സാമ്പത്തികവർഷത്തിൽ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വിശദവിവരം താഴേ ചേർക്കുന്നു.

| ക്രമ നംപർ | പ്രോജക്ടിന്റെ പേര് & നം. | പിൻവലിച്ച തുക. | ട്രഷറിബിൽ സംബന്ധിച്ച വിവരം | ചെലവ് വിവരം |
|---|---|---|---|---|
| 1 | സ്കൂളുകൾക്ക് ഫർണ്ണീച്ചർ വാങ്ങൽ (S040/16) | 400000 | 3/15-16 തീയ്യതി 28.03.16 | DD No.386246 dated 09.05.16 പ്രകാരം KADCO,കോഴിക്കോട് എന്ന സ്ഥാപനത്തിന് നല്കി. KADCO രസീതി നൽകിയത് 20.06.16-ൽ |
| 2 | എസ്. സി. വിദ്യാർത്ഥികൾക്ക് പഠനോപകരണം,ഫർണ്ണീച്ചർ വാങ്ങൽ (S0037/16) | 100000 | 04/15-16 തീയ്യതി 28.03.16 | DD No.386246 dated 09.05.16 പ്രകാരം KADCO,കോഴിക്കോട് എന്ന സ്ഥാപനത്തിന് നല്കി. KADCO രസീതി നൽകിയത്02.07.16-ൽ |
| 3 | പ്രീപ്രൈമറി സ്കൂളുകളിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ | 50000 | 05/15-16 തീയ്യതി 29/03/16 | DD No.386247 dated 09.05.16 പ്രകാരം |

| | | | | |
|---|---|---|---|---|
| | (S042/16) | | | KADCO,കോഴിക്കോട് എന്ന സ്ഥാപനത്തിന് നല്കി. KADCO രസീതി നൽകിയത് 15.07.16 |
| 4 | സ്കൂളുകളിലേക്ക് ഇന്റർനെറ്റ് സൗകര്യവും കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങലും.(S041/16) | 200000 | 06/15-16തീയ്യതി 31.03.16 | DD No.386316 dated 08.06.16 പ്രകാരം കെൽട്രോൺ എന്ന സ്ഥാപനത്തിന് നല്കി. കെൽട്രോൺ രസീതി നൽകിയത് 29.06.16 |

മേൽ പ്രോജക്ടുകൾ പ്രകാരം ലഭിക്കേണ്ട സാധനങ്ങൾ കൈപ്പറ്റുന്നതിന് മുമ്പായി പ്രസ്തുത സ്ഥാപനങ്ങൾ നല്കിയ പ്രീസ്റ്റാമ്പ്ഡ് രസീതി, ഇൻവോയ്സ്, എന്നിവ പ്രകാരം ട്രഷറിയിൽ നിന്ന് സംഖ്യ പിൻവലിക്കുകയും ചെലവഴിക്കുകയും ചെയ്തത് നിലവിലുള്ള സർക്കാർ ഉത്തരവിന് വിരുദ്ധമാണ്. സർക്കാർ ഉത്തരവിന് വിരുദ്ധമായി സംഖ്യ ചെലവഴിച്ചതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

## 3-5.ജീവനക്കാർക്ക് അധികവേതനം നല്കി.

1.12.2014 മുതൽ 31.01.15 കൂടിയുള്ള കാലയളവിൽ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്ന താഴെ പറയുന്ന ജീവനക്കാർക്ക് അധികവേതനം അനുവദിച്ചതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ജീവനക്കാരന്റെ പേര്&തസ്തിക/വൗച്ചർ നം./തിയ്യതി | മാസം | അനുവദിച്ച ശമ്പളം | അനുവദനീയമായ ശമ്പളം | അധികം നൽകിയത് |
|---|---|---|---|---|
| കെ.ബി.ഷാഹുൽഹമീദ് (സെക്രട്ടറി) വൗച്ചർ നം. 21500035/21.04.15 215000390/23.09.15 | 12/2014 (03.12.2014 മുതൽ 31.12.14 കൂടി HPL 29ദിവസം) Pay@23480/- | DutyPay- 1551 Leave salary- 11245 DA- 10236 HRA- 250 23282 | DutyPay- 1515 Leave salary-10983 DA- 9998 HRA- 250 22746 | 536 |
| | 01/2015 (01.01.15മുതൽ 09.01.15 കൂടി HPL 9ദിവസം) Pay@23480/- | DutyPay- 17060 Leave salary- 3490 DA- 17673 HRA- 250 | DutyPay- 16663 Leave salary- 3408 DA- 17261 HRA- 250 37582 | 891 ആകെ-1427 |

| | | | | |
|---|---|---|---|---|
| | | 38473 | | |
| എ.ആസാദ്,<br>എൽ.ഡി.ക്ലർക്ക്<br>വൗച്ചർ നം.<br>21500094/15.05.15<br>21500095/15.05.15 | 01/2015<br>(24.01.15.A.N 30.01.15 കൂടി Transit Pay ദിവസം)<br>Pay@14620/-<br>31/01/15 Pay@ 14980 | Pay- 3411<br>DA- 2933<br>HRA- 58<br>6402<br>Pay- 499<br>DA- 429<br>HRA- 8<br>936 | Pay- 3065<br>DA- 2636<br>HRA- 52<br>5753<br>Pay- 483<br>DA- 415<br>HRA- 8<br>906 | 649<br>30<br>ആകെ-679 |
| ശ്രീമതി ഹീര, A.N,<br>സീനിയർ ക്ലർക്ക്<br>വൗച്ചർ നം.<br>21500035/21.04.15 | 12/2015<br>(04.12.2015 &08.12.15 HPL, 09.12.15 LWA<br>Pay@13540/- | Pay- 13103<br>DA- 10482<br>HRA- 242<br>23827 | Pay- 12667<br>DA- 10134<br>HRA- 242<br>23043 | 784 |
| | | | ആകെ | 2890 |

അധികം നല്കിയ വേതനം തിരിച്ചുപിടിക്കേണ്ടതാണ്.

## 3-6. വൈദ്യുതി ചാർജ്ജ് പിഴ പലിശ അടവാക്കിയത്- രൂപ 112458/-നിരാകരിക്കുന്നു.

പുന്നയൂർ ഗ്രാമപഞ്ചായത്തിന് കീഴിലുള്ള തെരുവ് വിളക്കുകളുടെ വൈദ്യുതിചാർജ് കൺസ്യൂമർ നം.1156982000001 ൽ ചാവക്കാട് ഇലക്ട്രിക്കൽ സെക്ഷനിലാണ് അടവാക്കികൊണ്ടിരുന്നത്. അസിസ്റ്റന്റ് എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ, ചാവക്കാടിന്റെ 25/10/13-ലെ BB 119 നം. കത്ത് പ്രകാരമുള്ള താരിഫ് സംഖ്യയാണ് അടവാക്കിക്കൊണ്ടിരുന്നത്. ആയതു പ്രകാരം 2015-16 വർഷം അടവാക്കിയിരുന്ന സംഖ്യ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| ക്രമനംപർ | വൗച്ചർ നം. &തീയ്യതി | അടവാക്കിയ തുക |
|---|---|---|
| 1 | 21500041/22.04.15 | 37486 |
| 2 | 21500112/19.05.15 | 37486 |
| 3 | 21500169/05.06.15 | 37486 |
| | ആകെ | 112458 |

തുടർന്ന് ഈ സാമ്പത്തികവർഷം വൈദ്യുതി ചാർജിനത്തിൽ 22.03.16 -ന് 1464704/- രൂപ വൗച്ചർ നം 21501024 പ്രകാരം KSEB-യിൽ അടവാക്കിയിട്ടുണ്ട്. 2/2015മുതൽ 03/16 കൂടിയുള്ള വൈദ്യുതിചാർജാണ് പ്രസ്തുത വൗച്ചർ പ്രകാരം അടവാക്കികാണുന്നത്. പ്രസ്തുത ബിൽ പ്രകാരം 2/15 മുതൽ താരിഫ് 95761/-രൂപയായും 7/15 മുതൽ 101713/-രൂപയും ആണ്. ഇപ്രകാരം ഉയർത്തിയ താരിഫ്

പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. എത് തീയ്യതി മുതൽക്കാണ് താരിഫ് ഉയർത്തിയതെന്ന വിവരം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

വൗച്ചർ പരിശോധനയിൽ ലഭ്യമായ വിവരം അനുസരിച്ച് 04/15 മുതൽ 06/15 കൂടിയുള്ള കാലത്തേക്ക് അടവാക്കിയ സംഖ്യ രൂപ 112458/- ഉയർത്തിയ താരിഫ് അടവാക്കാതിരുന്നതിന്റെ പിഴ പലിശയായി അടവാക്കിയതായാണ് കാണുന്നത് . ഇത്തരത്തിൽ എത്ര സംഖ്യ പിഴ പലിശ അടവാക്കിയിട്ടുണ്ട് എന്ന് കണക്കാക്കുന്നതിന് താരിഫ് പുതുക്കിയത് സംബന്ധിച്ച വിവരം പരിശോധനവിധേയമാക്കേണ്ടതാണ്. ആയതിന്റെ അഭാവത്തിൽ ഈ സാമ്പത്തികവർഷം മാത്രം പിഴ പലിശയിനത്തിൽ KSEB-യ്ക്ക് അടവാക്കിയ സംഖ്യ112458/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-7.ഇ എം എസ് ഭവനനിർമ്മാണപദ്ധതി --- വായ്പാ വിവരങ്ങൾ ഇല്ല.

നിർവഹണോദ്യോഗസ്ഥൻ -- സെക്രട്ടറി

| പ്രോജക്റ്റ് | ബിൽ നം.,തുക |
|---|---|
| S003/16 | 02/15-16/17.7.15--<br>15,67,050 |

1567050 രൂപ വായ്പാതിരിച്ചടവിലേക്ക് അക്കൗണ്ട് നം.16762( ഇപ്പോൾ 102100010004291---പുന്നയൂർ പഞ്ചായത്ത് സർവീസ് കോപ്പറേറ്റീവ് ബാങ്ക് )ൽ പാസ്ബുക്കിൽ വരവ് വച്ചിട്ടില്ല.

സർക്കാർ ഉത്തരവ് (സാധാ)1056/2010 തസ്വഭവ തീയതി. 26/03/2010 പ്രകാരം പുന്നയൂർ പഞ്ചായത്ത് സർവീസ് സഹകരണബാങ്കിൽ നിന്ന് 156,70,500/- രൂപ വായ്പ എടുക്കുവാൻ അനുമതി ലഭിച്ചു.

ഇ എം എസ് ഭവനപദ്ധതി ആവിഷ്കരിച്ചപ്പോൾ വികസനഫണ്ട്,തനതുഫണ്ട്, ബ്ലോക്ക്,ജില്ലാപഞ്ചായത്ത് വിഹിതം,വായ്പ എന്നിങ്ങനെ ഉൾപ്പെടുത്തിയിരുന്നു.ആയതനുസരിച്ച് 2009 -10 ൽ 900000 രൂപ വികസനഫണ്ട് ചെലവഴിച്ചിട്ടുണ്ട്. താഴെച്ചേർത്തതുപ്രകാരം ബാങ്ക് പാസ്ബുക്കിൽ ചേർത്തിട്ടുള്ള 3546698 രൂപ ഏത് ഫണ്ട് ആണെന്ന് വ്യക്തമല്ല.

| തീയതി | തുക |
|---|---|
| 30.3.2010 | 1567050 |
| 7.4.2010 | 900000 |
| 7.4.2010 | 585000 |
| 26.5.2010 | 494648 |
| ആകെ | 3546698 |

പഞ്ചായത്തിൽ ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.ഓഡിറ്റ് ആവശ്യപ്പെട്ടതിനാൽ ബാങ്ക് ഹാജരാക്കിയ പത്രിക പ്രകാരം നാളിതുവരെ 11599800 രൂപ വായ്പ അനുവദിച്ചിട്ടുണ്ട്.ആയത് അനുസരിച്ച് താഴെപ്പറയും വിധം തിരിച്ചടവ് ഉണ്ട്.

| തീയതി | തുക |
|---|---|
| 15.09.2011 | 1279315 |

| | |
|---|---|
| 29.12.2011 | 1567050 |
| 2.3.2013 | 567050 |
| 16.3.2013 | 1000000 |
| 17.9.2013 | 1567050 |
| 7.4.2014 | 226070 |
| 7.4.2014 | 160650 |
| 17.10.2014 | 1567050 |
| 02.08.2015 | 1567050 |

ബാങ്ക് പത്രിക പ്രകാരം ആകെ 9501285 രൂപയാണ് തിരിച്ചടവ്.ബാക്കി 2098515 രൂപ അടവാക്കാൻ ഉണ്ട്.

വി ഇ ഒ ഹാജരാക്കിയ ധനസഹായവിതരണരജിസ്റ്റർ അനുസരിച്ച് ചെലവ് താഴെച്ചേർക്കുന്നു.

| ചെലവ് |
|---|
| 194x75000=14550000<br>2x22500=45000<br>അധികവിഹിതം നൽകിയത്<br>3x125000 = 375000<br>4x87500=350000<br>ആകെ --- 15320000 |

2 വ്യക്തികൾ നാളിതുവരെ പണി പൂർത്തിയാക്കിയിട്ടില്ല.

പല ഗുണഭോക്താക്കളും ലഭിച്ച തുക തിരിച്ചടച്ചിട്ടുണ്ട്.വിശദാംശങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല.തൻവർഷം വി ഇ ഒ പ്രോജക്ട് നം.59/16 ഇ എം എസ് ഭവനപദ്ധതി പ്രകാരം ചെക്ക് നം.0308340/31.3.16-- 30000 രൂപ(തനതുഫണ്ട്)ചെലവഴിച്ചിട്ടുണ്ട്.ഇപ്രകാരം ചെലവഴിച്ച തുക ആകെ തനതുഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയതിനെക്കാൾ അധികരിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

ലോൺ സംബന്ധിച്ച യാതൊരു വിവരങ്ങളും പഞ്ചായത്തിൽ ഇല്ല. എന്നാൽ കൃത്യമായി തുക തിരിച്ചടക്കുന്നുണ്ട്. പഞ്ചായത്തിലെ വി.ഇ.ഒ.യുടെ കണക്കും, ബാങ്ക് ഹാജരാക്കിയ ലോണിന്റെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല.

വിവിധ ഫണ്ട് ഇനങ്ങളുടെ ആകെ ചെലവ്,വായ്പ,തിരിച്ചടവ്,ഗുണഭോക്താക്കൾ തിരിച്ചടച്ച തുക എന്നിവ കൃത്യമായി കണക്കാക്കി അവശേഷിക്കുന്ന വായ്പ കണക്കിലെടുത്ത് മാത്രം ഇനി തുക തിരിച്ചടക്കാൻ ശ്രദ്ധിക്കേണ്ടതാണ്.വായ്പരജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 3-8. ഇലക്ട്രിക്കൽ സാധനങ്ങൾ പർച്ചേസ് ചെയ്തത്

## -വിനിയോഗവിവരം ലഭ്യമല്ല.

പുന്നയൂർ ഗ്രാമപഞ്ചായത്തിന് കീഴിലുള്ള തെരുവ് വിളക്കുകളുടെ AMC പ്രത്യേകം പ്രോജക്ടായി 2015-16 വർഷം നടത്തിവരുന്നുണ്ട്. എന്നാൽ ഇക്കാലയളവിൽ താഴെ പറയുന്ന ഇലക്ട്രിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി തനതു ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുകയും പർച്ചേസ് ചെയ്ത ഇനങ്ങൾ KSEB-യ്ക്ക് നൽകി രശീതി വാങ്ങുകയും ചെയ്തിട്ടുണ്ട്. AMC പ്രത്യേകം പ്രോജക്ടായി ഉൾപ്പെടുത്തിയതിന് പുറമേ ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങിയതിന്റെ കാരണം വിശദമാക്കേണ്ടതാണ്. പർച്ചേസ് സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| വൗച്ചർ നം. &തീയ്യതി | സംഖ്യ | പർച്ചേസ് ചെയ്ത ഇനം |
|---|---|---|
| 21500046/22.04.15 | 11486 | 258 ട്യൂബ് ലൈറ്റ് |
| 21500281/03.08.15 | 9809 | 218 ട്യൂബ് ലൈറ്റ് |
| 21500435/08.10.15 | 1374 | 34 ട്യൂബ് ലൈറ്റ് |

മേൽ ഇനങ്ങൾ വിനിയോഗിച്ചത് സംബന്ധിച്ച സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ്.

## 3-9.ഫർണ്ണീച്ചർ വാങ്ങൽ -അപാകതകൾ

പ്രധാനാദ്ധ്യാപിക,GMLPS,പുന്നയൂർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ടുകൾക്ക് കേരള ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്,കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്ന് ഫർണ്ണീച്ചർ വാങ്ങിയിട്ടുണ്ട്.

| ക്രമ നംപർ | പ്രോജക്ടിന്റെ പേര് & നം. | ചെലവഴിച്ച തുക. | ട്രഷറിബിൽ സംബന്ധിച്ച വിവരം |
|---|---|---|---|
| 1 | സ്കൂളുകൾക്ക് ഫർണ്ണീച്ചർ വാങ്ങൽ (S040/16) | 400000 | 3/15-16 തീയ്യതി 28.03.16 |
| 2 | എസ്. സി. വിദ്യാർത്ഥികൾക്ക് പഠനോപകരചട്ടങ്ങൾണം,ഫർണ്ണീച്ചർ വാങ്ങൽ (S0037/16) | 100000 | 04/15-16 തീയ്യതി 28.03.16 |
| 3 | പ്രീപ്രൈമറി സ്കൂളുകളിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ (S042/16) | 50000 | 05/15-16 തീയ്യതി 29/03/16 |

മേൽ പ്രോജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.എതൊക്കെ സ്കൂളുകളിലേക്ക് ഫർണ്ണീച്ചർ വാങ്ങുന്നതിനാണ്പദ്ധതി ലക്ഷ്യമിട്ടിരുന്നതെന്നും, ആയത് സംബന്ധിച്ച പഞ്ചായത്ത് ഭരണസമിതി തീരുമാനവും ലഭ്യമായിട്ടില്ല.

2. വാങ്ങേണ്ട ഫർണ്ണീച്ചറുകളുടെ സ്പെസിഫിക്കേഷൻ സംബന്ധിച്ച വിവരം തയ്യാറാക്കിയിട്ടില്ല. ലഭ്യമാക്കിയ ഫർണീച്ചറുകളുടെ ഗുണനിലവാരം പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3.വാങ്ങലുകൾക്ക് പർച്ചേസിങ്ങ് കമ്മിറ്റിയുടെ തീരുമാനമില്ല.

4. പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങുന്ന പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കളെല്ലാം തന്നെ ഹാജരാക്കിയ രേഖകൾ (ജാതി സർട്ടിഫിക്കറ്റ്, സ്കൂളിൽ പഠിക്കുന്നത് സംബന്ധിച്ച സാക്ഷ്യപത്രം,etc.,) എല്ലാം തന്നെ 2016-17 വർഷത്തേയാണ് ഹാജരാക്കിയിട്ടുള്ളത്. ആയതിൽ നിന്നും 2015-16കാലയളവിൽ പദ്ധതിക്ക് വേണ്ട ഭൗതിക സാഹചര്യം തയ്യാറാക്കാതെയാണ് സംഖ്യ ചെലവ് ചെയ്തതായി കാണുന്നത്.

5. പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ നല്കൽ എന്ന പദ്ധതിയിലുൾപ്പെട്ട വിദ്യാർത്ഥികളുടെ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച അംഗീകൃത ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കിയിട്ടില്ല.

## 3-10. ആരോഗ്യ സ്ഥാപനങ്ങളിലേക്ക് മരുന്ന് വാങ്ങൽ- നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ്, മരുന്ന് എന്നിവ ലഭ്യമായില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു.

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ടുകളുമായി ബന്ധപ്പെട്ട് ആരോഗ്യസ്ഥാപനങ്ങളിലേക്ക് മരുന്ന് വാങ്ങിയതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

| ക്രമ നംപർ | പ്രോജക്റ്റിന്റെ പേര് & നം. | ചെലവഴിച്ച തുക. | ട്രഷറിബിൽ സംബന്ധിച്ച വിവരം | റിമാർക്സ് |
|---|---|---|---|---|
| 1 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ (S0141/16) | 100000/- | 3/15-16 dated. 20.08.15 | നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല. |
| 2 | ജീവിത ശൈലി രോഗങ്ങൾ ക്ക്മരുന്ന് വാങ്ങൽ (S0030/16) | 200000/- | 14/15-16 dated 31.03.16<br>13/15-16 dated 31.03.16 | 1.നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല.<br>2.മരുന്ന് ലഭ്യമായിട്ടില്ല |
| 3 | പി എച്ച്.സി-യിലേക്ക് മരുന്ന് വാങ്ങൽ(S0028/16) | 200000/- | 10/15-16 dated 17.3.16 | 1.നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | | | 2.മരുന്ന് ലഭ്യമായിട്ടില്ല |
| | ആകെചട്ടങ്ങൾ | 500000/- | | |

നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാലും മരുന്നുകൾ ലഭ്യമാകാത്തതിനാലും ഈ ഇനത്തിൽ ചിലവഴിച്ച സംഖ്യ തടസ്സത്തിൽ വയ്ക്കുന്നു.

## 3-11.പ്രത്യേകകന്നുകുട്ടി പരിപാടി ---നടപ്പാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല.

നിർവഹണ ഉദ്യോഗസ്ഥൻ --- വെറ്ററിനറി സർജൻ

പ്രോജക്റ്റ് നം --- S001/16

ബിൽ നം.--- P02/15-16/15.9.15 --- 156250 രൂപ

ഡിഡി നം.--- 170861/15.9.15

25 ഗുണഭോക്താക്കൾക്കായി 156250 രൂപ SLBP ഡപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയെങ്കിലും വിനിയോഗവിവരം ഹാജരാക്കിയിട്ടില്ല.പഞ്ചായത്ത് ഭരണസമിതിയുടെ 19.06.15 ലെ 1(7)തീരുമാനപ്രകാരം പഞ്ചായത്തിൽ രജിസ്റ്റേഡ് പാൽ സൊസൈറ്റികൾ ഇല്ലാത്തതിനാൽ കാലിത്തീറ്റ സിഡിഎസ് മുഖേന വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.എന്നാൽ പദ്ധതി നടപ്പാക്കിയതിന്റെ യാതൊരു രേഖകളും ഹാജരാക്കിയില്ല. പഞ്ചായത്തിൽ മഹാത്മാ ക്ഷീരസംഘം പാൽ സൊസൈറ്റി,അവിയൂർ എന്ന സംഘം പ്രവർത്തിക്കുന്നുണ്ട്.സിഡിഎസ് കാലിത്തീറ്റ വിതരണം ചെയ്യുന്നില്ല എന്നാണ് വിടുതൽ യോഗത്തിൽ വൈസ് പ്രസിഡന്റ്,സിഡിഎസ് അക്കൗണ്ടന്റ് എന്നിവർ അറിയിച്ചത്.

ഈ പദ്ധതി നടപ്പാക്കിയതിന്റെ വിവരങ്ങൾ ഹാജരാക്കുന്നതു വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-12 വിനിയോഗവിവരം ലഭ്യമല്ല-- ചെലവ് തടസ്സപ്പെടുത്തുന്നു.

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ ഐ എ വൈ ഭവനനിർമ്മാണപദ്ധതിയിൽ (എസ് സി പി)S027/16 280000 രൂപ ചെലവഴിച്ചു.

ബിൽ നം.--- 1/27/16/IAY/22.1.16 --- 280000 രൂപ

ഡിഡി നം.--- 618469/22.1.16

തുക ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറി.തുകയുടെ ചെലവ് വിവരം,പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ്,ഗുണഭോക്താക്കളിൽ ആർക്കെല്ലാം ധനസഹായം നൽകി എന്നീ വിവരങ്ങൾ ഹാജരാക്കിയില്ല.ആയതിനാൽ 280000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-13.ഓഡിറ്റിന് രേഖകൾ ഹാജരാക്കിയില്ല --- തുക തടസ്സപ്പെടുത്തുന്നു.

പുന്നയൂർ പഞ്ചായത്തിലെ പുന്നയൂർ അകലാട് സർക്കിൾ ചുമതല വഹിക്കുന്ന വി ഇ ഒ 2015—16 വർഷം ഓഡിറ്റിന് യാതൊരു രേഖകളും ഹാജരാക്കിയില്ല.പഞ്ചായത്ത് ഹാജരാക്കിയ സുലേഖ ചെലവ് പത്രിക പ്രകാരം താഴെപ്പറയുന്ന പദ്ധതികൾക്കായി തുക ചെലവഴിച്ചിട്ടുണ്ട്.

| പദ്ധതി | ചെലവ് തുക | ഫണ്ടിനം |
|---|---|---|
| ഭവനപുനരുദ്ധാരണം (S039/16) | 1500000 | പ്രത്യേകഗ്രാന്റ്(വികസനഫണ്ട്) |
| ഭവനപുനരുദ്ധാരണം (S056/16) | 15000 | പ്രത്യേകഗ്രാന്റ്(വികസനഫണ്ട്) |
| കക്കൂസ് നിർമ്മാണം(S139/16) | 160000 | തനതുഫണ്ട് |

ഓഡിറ്റിൽ എൻക്വയറി മുഖേന ആവശ്യപ്പെട്ടിട്ടും വി ഇ ഒ രേഖകൾ ഹാജരാക്കിയില്ല.ആയതിനാൽ 1675000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 12 പ്രകാരം രേഖകളോ, കണക്കുകളോ നൽകുന്നതിന് വീഴ്ച വരുത്തിയാൽ അത്തരം രേഖയോ, കണക്കോ നിലവിലില്ല എന്ന് കരുതപ്പെടുന്നതും അത്തരത്തിൽ രേഖകളില്ലാതെ നടത്തിയ ചെലവായി പരിഗണിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്.

## 3-14.ഭവനനിർമ്മാണപദ്ധതി ---രേഖകൾ കൃത്യമല്ല.

വി.ഇ.ഒ. നടപ്പാക്കുന്ന ഭവനനിർമ്മാണപദ്ധതി(ജനറൽ)--- S140/16 200000 രൂപ വീതം ഗുണഭോക്താക്കൾക്ക് നൽകുന്നു.

സുലൈഖ ഇസ്മയിൽ എന്ന വ്യക്തിക്ക് 20000രൂപ ധനസഹായം നൽകി.എന്നാൽ അവർ ഹാജരാക്കിയ പുന്നയൂർ വില്ലേജ് ഓഫീസറുടെ കൈവശാവകാശസർട്ടിഫിക്കറ്റ് പ്രകാരം (PNR/VO/585/16 dt.14.3.16)സ്ഥലം നഞ്ച എന്നാണ് ചേർത്തിട്ടുള്ളത്.മാത്രമല്ല പഞ്ചായത്ത് കെട്ടിടനിർമ്മാണത്തിന് അനുമതിയും നൽകി കാണുന്നില്ല.പഞ്ചായത്ത് അനുമതി നൽകാതെ ധനസഹായം നൽകിയത് ശരിയല്ല.

പാത്തുട്ടി,കല്ലംപുള്ളി എന്ന വ്യക്തിക്ക് 80000 രൂപ നൽകിയിട്ടുണ്ട്.പഞ്ചായത്ത് കെട്ടിടനിർമ്മാണത്തിന് അനുമതി നൽകിയിട്ടില്ല.ഈ വ്യക്തികൾക്ക് തുടർന്നുള്ള ഗഡുക്കൾ നൽകുന്നതിന് മുമ്പായി പഞ്ചായത്ത് അനുമതി ലഭ്യമാക്കേണ്ടതാണ്.

അനുവദനീയമായ പരിധിക്കുള്ളിൽ നിയമപരമായാണ് കെട്ടിടനിർമ്മാണം നടത്തുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.അല്ലാത്തപക്ഷം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

എല്ലാ ഗുണഭോക്താക്കളിൽ നിന്നും രേഖകൾ ലഭ്യമാക്കേണ്ടതും,കരാർ ചമച്ച് കൈപ്പറ്റ് രസീതി ലഭ്യമാക്കി ധനസഹായം നൽകേണ്ടതും,സമയപരിധിക്കുള്ളിൽ ഭവനനിർമ്മാണം പൂർത്തിയാക്കാൻ നിർദ്ദേശം നൽകേണ്ടതുമാണ്.

## 3-15.സ്ഥലംവാങ്ങൽ പദ്ധതി ഫലപ്രാപ്തിയിൽ എത്തിയില്ല.

പഞ്ചായത്ത് തൻവർഷം ഭവനനിർമ്മാണത്തിന് സ്ഥലം ഇല്ലാത്ത ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് | ചെലവഴിച്ച തുക |
|---|---|---|
| അസി.സെക്രട്ടറി | S025/16 – ഭൂമി വാങ്ങൽ(എസ് സി പി) | 750000(5x150000) |

| | | |
|---|---|---|
| വി ഇ ഒ | S020/16—വീടിന് സ്ഥലം | 500000(5x100000) |

ഇപ്രകാരം സ്ഥലം വാങ്ങി നൽകിയിട്ടുള്ളവർക്ക് പഞ്ചായത്ത് നടപ്പാക്കുന്ന ഭവനനിർമ്മാണപദ്ധതി പ്രകാരം ധനസഹായം നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.അപ്പോൾ മാത്രമേ പദ്ധതി അതിന്റെ ലക്ഷ്യപ്രാപ്തിയിൽ എത്തുന്നുള്ളൂ.

ധനസഹായം നൽകുന്നതിന് മുമ്പായി സ്ഥലം വിൽക്കുന്ന വ്യക്തിയുടെ കൈവശാവകാശ സർട്ടിഫിക്കറ്റ്, കുടിക്കടം എന്നിവ പരിശോധിച്ച് സ്ഥലത്തിന് ബാധ്യതകൾ ഇല്ലെന്നും,ആയത് വാസയോഗ്യമായ വീട് വയ്ക്കുന്നതിന് അനുയോജ്യമാണെന്നും ഉറപ്പുവരുത്തേണ്ടതാണ്. സ്ഥലം തീരദേശ പരിപാലന നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല എന്നും ഉറപ്പുവരുത്തേണ്ടതാണ്.

## 3-16 കൃഷി ഓഫീസർ പദ്ധതി നടത്തിപ്പിലെ അപാകതകൾ

A)സമഗ്ര തെങ്ങുകൃഷി വികസനം- (S012/16) പദ്ധതിയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.വികസനഫണ്ട്,ഗുണഭോക്തൃവിഹിതം എന്നിവ1300000 രൂപ വീതം ആകെ 2600000രൂപ അടങ്കൽ ഉള്ള പദ്ധതിയിൽ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

2.ഓഡിറ്റിന് ഹാജരാക്കിയ പ്രോജക്ട് പ്രകാരം ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ അടവാക്കുന്ന രീതിയിലായിരുന്നു പദ്ധതി വിഭാവനം ചെയ്തത്.എന്നാൽ ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തിട്ടില്ല.

3.കർഷകർ വിവിധ സ്ഥാപനങ്ങളിൽ നിന്ന് കപ്പലണ്ടിപ്പിണ്ണാക്ക് വാങ്ങിയ ബിൽ ഹാജരാക്കിയ മുറക്ക് ഫണ്ട് മാറിയെടുക്കുകയാണ് ചെയ്തത്.

4.മാറിയെടുക്കുന്ന ഫണ്ട് കൃഷി ഓഫീസറുടെ പേരിൽ ഡിഡി എടുത്തിട്ടുണ്ട്.ഈ തുക ഫെഡറൽ ബാങ്ക്,വടക്കേക്കാടിന് കൈമാറിയെന്ന് ഫയലിൽ ചേർത്തിട്ടുണ്ടെങ്കിലും ബാങ്കിന്റെ കൈപ്പറ്റ് രസീതി ഇല്ല.

5.വാങ്ങിയ വളത്തിന്റെ ഗുണനിലവാരം എപ്രകാരം ഉറപ്പുവരുത്തി,ഏതൊക്കെ സ്ഥാപനങ്ങളെ വളം വിതരണത്തിന് ചുമതലപ്പെടുത്തി,ഓരോ കർഷകനും യഥാർത്ഥത്തിൽ അർഹത ഉള്ള അളവിൽ വളം വാങ്ങിയെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ എന്ന കാര്യങ്ങളിൽ വ്യക്തതയില്ല.

6. കർഷകരുടെ ബാങ്ക് അക്കൗണ്ട് നം.,ഐഎഫ് എസ് സി എന്നിവ ഉള്ള സ്റ്റേറ്റ്മെന്റ് ഇല്ല.

B)ജലസേചനപമ്പ് സെറ്റ് വിതരണം(S013/16)

വികസനഫണ്ട്,ഗുണഭോക്തൃവിഹിതം എന്നിവ 100000 രൂപ വീതം 200000രൂപ അടങ്കൽ ഉള്ള പദ്ധതിയാണിത്.ഗുണഭോക്താക്കൾ സ്വന്തമായി പമ്പ് സെറ്റ് വാങ്ങി ബിൽ ഹാജരാക്കുന്ന മുറക്ക് ധനസഹായം നൽകുന്നു.

1.ഓരോ ഇനത്തിന്റെയും യൂണിറ്റ് കോസ്റ്റ് ജില്ലാതലഓഫീസർ നിശ്ചയിച്ചിട്ടില്ല.

2.സ്വന്തമായി ജലസ്രോതസ് ഉള്ളവർക്കു മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ എന്ന് ഉറപ്പാക്കാനായിട്ടില്ല.

3.മാറിയെടുക്കുന്ന ഫണ്ട് കൃഷി ഓഫീസറുടെ പേരിൽ ഡിഡി എടുത്തിട്ടുണ്ട്.ഈ തുക ഫെഡറൽ ബാങ്ക്,വടക്കേക്കാട് കൈമാറിയെന്ന് ഫയലിൽ ചേർത്തിട്ടുണ്ടെങ്കിലും ബാങ്കിന്റെ കൈപ്പറ്റ് രസീതി ഇല്ല.

4.കർഷകരുടെ ബാങ്ക് അക്കൗണ്ട് നം.,ഐഎഫ് എസ് സി കോഡ് എന്നിവ ഉള്ള സ്റ്റേറ്റ്മെന്റ് ഇല്ല.

C)പച്ചക്കറി കൃഷി വികസനം(S022/16)

അടങ്കൽ -- 200000 (വികസനഫണ്ട്)

180000(ഗുണഭോക്തൃവിഹിതം)

ആകെ -- 380000

10 സെന്റിൽ എങ്കിലും കൃഷി ചെയ്യുന്നവർക്ക് വിത്ത്,വളം,കൂലിച്ചെലവ് നൽകുന്നു.

1.സ്റ്റേറ്റ് സീഡ് ഫാമിൽ നിന്ന് വാങ്ങിയ 200പാക്കറ്റ് വിത്ത് വിതരണം ചെയ്തതായി രേഖയില്ല.

2.ജൈവവളം വിതരണം ചെയ്തതിന് പുന്നയൂർ പഞ്ചായത്ത് സർവീസ് കോപ്പറേറ്റീവ് ബാങ്കിന് 100000 രൂപ നൽകിയിട്ടുണ്ട്.എന്നാൽ ബാങ്കുമായി കരാർ വച്ചിട്ടില്ല.എവിടെ നിന്നാണ് വളം വാങ്ങിയത്,ഗുണനിലവാരം ഉണ്ടോ എന്ന് വ്യക്തമല്ല.

3.80000രൂപ കർഷകർക്ക് കൈമാറിയതിന് കൃത്യമായ രേഖകളില്ല.ഈ തുക ഫെഡറൽ ബാങ്ക്, വടക്കേക്കാടിന് കൈമാറിയെന്ന് ഫയലിൽ ചേർത്തിട്ടുണ്ടെങ്കിലും ബാങ്കിന്റെ കൈപ്പറ്റ് രസീതി ഇല്ല.

D)<u>നെൽകൃഷി വികസനം( S011/16)</u>

നെൽകൃഷിക്ക് കൂലിച്ചെലവ്, വിത്ത് എന്നിവ നൽകുന്നു.വികസനഫണ്ട് 90000 രൂപയും,ഗുണഭോക്തൃവിഹിതം 54900 രൂപയുമായിരുന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയത്.

ബിൽ നം. --Plan 5/15-16/21.3.16 --- 90000

ഡിഡി നം.---620799/22.3.16 --- 35100 (KSSDA)

1.KSSDA യിൽ നിന്ന് വാങ്ങിയ 900 കിലോ ഉമ വിത്ത് വിതരണം ചെയ്തിട്ടില്ല. വിതരണ രേഖകൾ ഹാജരാക്കുന്നതുവരെ 35100 രൂപ തടസ്സപ്പെടുത്തുന്നു.

2.ബാക്കി 54900രൂപ കർഷകർക്ക് സഹായമായി നൽകുന്നതിന് ഫെഡറൽ ബാങ്ക്,വടക്കേക്കാട് കൈമാറിയെന്ന് ഫയലിൽ ചേർത്തിട്ടുണ്ടെങ്കിലും ബാങ്കിന്റെ കൈപ്പറ്റ് രസീതി ഇല്ല.

ട്രഷറിയിൽ നിന്ന് മാറുന്ന തുക കൃഷി ഓഫീസർ സ്വന്തം പേരിൽ ഡിഡി എടുക്കുകയാണ്.വടക്കേക്കാട് ഫെഡറൽ ബാങ്കിൽ കൃഷി ഓഫീസറുടെ പേരിൽ ഉള്ള കറന്റ് അക്കൗണ്ട് നം.18890200000374 ൽ നിക്ഷേപിക്കുന്നു.ഈ അക്കൗണ്ടിൽ നിന്ന് വിവിധ വ്യക്തികൾക്ക് തുക നൽകിയതിന്റെ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിരുന്നു.എന്നാൽ കർഷകരുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.മാത്രമല്ല കൃഷി ഓഫീസർ കർഷകരുടെ ബാങ്ക് അക്കൗണ്ട് നം.,ഐഎഫ് എസ് സി എന്നിവ ഉള്ള സ്റ്റേറ്റ്മെന്റ് അടക്കം ബാങ്കിന് കൈമാറിയതിന്റെ രേഖയോ,ബാങ്കിന്റെ കൈപ്പറ്റ് രസീതിയോ ഇല്ല.

പദ്ധതി മാർഗ്ഗരേഖകൾ അനുസരിച്ച് നടപ്പാക്കാത്തതിനും,സ്വന്തം പേരിൽ കറന്റ് അക്കൗണ്ട് നിലനിർത്തുന്നതിനും യാതൊരു വിശദീകരണവും ഓഫീസർ നൽകിയിട്ടില്ല.

കൃഷി ഓഫീസറുടെ പദ്ധതി നടത്തിപ്പിൽ സമഗ്രമായ അന്വേഷണം ആവശ്യമാണ്.

## <u>3-17.പൂരക പോഷകാഹാരം - കേന്ദ്രഫണ്ട് ചെലവഴിച്ചിട്ടില്ല.</u>

ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പാക്കുന്ന പൂരകപോഷകാഹാരം പദ്ധതിക്ക് കേന്ദ്രഫണ്ട് ചെലവഴിച്ചിട്ടില്ല.തൻവർഷം ലഭ്യമായ 447263 രൂപ ഉൾപ്പെടെ പഞ്ചായത്ത് വാർഷികകണക്ക് പ്രകാരം1076499 രൂപ തനതുഫണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്.

മേൽത്തുക അംഗൻവാടികളുടെ അടിസ്ഥാനസൗകര്യവികസനങ്ങൾക്ക്

ഉപയോഗിക്കാവുന്നതാണ്.എന്നാൽ പഞ്ചായത്തിലെ അംഗൻവാടികൾ ശോചനീയമായ അവസ്ഥയിലായിട്ടും സ്ഥിതി മെച്ചപ്പെടുത്താൻ യാതൊരു തുകയും ചെലവഴിച്ചിട്ടില്ല.

വിവരങ്ങൾ

| | |
|---|---|
| കെട്ടിടം ഉള്ള അംഗൻവാടി | 14 |
| വാടകക്ക് പ്രവർത്തിക്കുന്നവ | 17 |
| കുടിവെള്ളം ഉള്ളവ | 10 |
| വൈദ്യുതി ഉള്ളവ | 7 |

ആകെ 33 അംഗൻവാടികൾ ഉള്ളതിൽ 1 എണ്ണം ലൈബ്രറിയിലും,1 ഫിഷറീസ് കെട്ടിടത്തിലും പ്രവർത്തിക്കുന്നു എന്ന് ഐ സി ഡി എസ് സൂപ്പർവൈസർ അറിയിച്ചു.പഞ്ചായത്ത് ഭരണസമിതിയുടെ 29/09/2015 ലെ 3(23)തീരുമാനപ്രകാരം 19ാം വാർഡിലെ 50 ാം നം.അംഗൻവാടി എതു നിമിഷവും നിലംപൊത്താവുന്ന അവസ്ഥയിലാണെന്ന് കണ്ടെത്തിയിട്ടുണ്ടെങ്കിലും ആയതിന് വേണ്ടി ഫണ്ട് ഉപയോഗിച്ചിട്ടില്ല.

അംഗൻവാടികളുടെ വൈദ്യുതീകരണത്തിനായി മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)എക്സിക്യൂട്ടീവ് എഞ്ചിനീയർ,ഇലക്ട്രിക്കൽ സെക്ഷൻ,പി.ഡബ്ലിയു.ഡി,തൃശ്ശൂർ ഓഫീസിൽ 24.01.2011 ന് 192000 രൂപ അടവാക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ 4 അംഗൻവാടികളുടെ വൈദ്യുതീകരണം മാത്രമാണ് നടന്നിട്ടുള്ളത്.

സാധാരണക്കാരുടെ പിഞ്ചുകുഞ്ഞുങ്ങൾ പഠിക്കുന്ന അംഗൻവാടികളുടെ അടിസ്ഥാനസൗകര്യവികസനത്തിന് കൂടുതൽ ഊന്നൽ നൽകേണ്ടതാണ്.ലഭ്യമായ ഫണ്ട് ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-18. അംഗൻവാടി ഫർണ്ണിച്ചർ വിതരണം --- അപാകതകൾ

നിർവഹണോദ്യോഗസ്ഥ --- ഐസിഡിഎസ് സൂപ്പർവൈസർ

പ്രോജക്ട് --- S018/16 –അംഗൻവാടികൾക്ക് ഫർണ്ണിച്ചർ,കളിയുപകരണങ്ങൾ

ബിൽ നം.--- 8/28.3.16 --- 200000 രൂപ

ഡിഡി നം.--- 384650/01.07.2016

കേരള ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ,കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നാണ് ഫർണ്ണിച്ചർ വാങ്ങിയത്. 28.3.16 ന് പിൻവലിച്ച തുക 01.07.2016 ന് മാത്രമാണ് സ്ഥാപനത്തിന് കൈമാറിയത്.തുക കൈമാറാതെ കൈവശം വച്ചതിന് യാതൊരു വിശദീകരണവും ഓഡിറ്റിന് ലഭ്യമായിട്ടില്ല.

ചെലവ് വരുമെന്ന മുൻകൂർ ധാരണയിൽ തുക പിൻവലിക്കുന്നത് സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമാണ്.(ജി ഒ (എം എസ്)362/2013തസ്വഭവ തീയതി 16.11.2013,ജി ഒ (പി)177/2006/ഫിൻ തീയതി. 12.04.2006)

മറ്റ് അപാകതകൾ

1.ഓരോ അംഗൻവാടിക്കും വേണ്ട സാധനങ്ങൾക്കായി ഒരു ലിസ്റ്റ് ഉണ്ടാക്കിയില്ല.

2.ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

3. കേരള ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ,കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങുന്നത് ഭരണസമിതി അംഗീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല.

നടപടിക്രമങ്ങൾ പാലിക്കാതിരുന്നതിനും,സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി തുക പിൻവലിച്ച് കൈവശം വച്ചതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-19. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ധനസഹായം നൽകി.

ഐസിഡിഎസ് സൂപ്പർവൈസർ നടപ്പാക്കിയ ശാരീരികമാനസികവെല്ലുവിളി നേരിടുന്നവർക്ക് ധനസഹായം പദ്ധതിയിൽ(S017/16) ഓഡിറ്റിന് ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

ബിൽ നം. -- 05/29.02.16 ----310000

ചെക്ക് നം.--- 0308334/22.3.16 --- 310000(ജില്ലാ,ബ്ലോക്ക് വിഹിതം)

| വ്യക്തികളുടെ പേര് | നൽകിയ തുക |
|---|---|
| നബീല (സോഫിയ ഇസ്മയിൽ) | 18025 |
| വിനേക് ഇ വി | 7999 |
| അബ്ബർ(അബൂബക്കർ എ പി) | 13600 |
| അനഘ (അജിത പി കെ) | 12320 |
| പ്രജിൻ പി സി (ചന്ദ്രൻ) | 10850 |
| നവ്യ വൽസലൻ(നിഷ) | 12000 |
| ഹാരിസ് (ഹാജറ) | 12320 |

പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കാത്തതിനാൽ മേൽപ്രകാരം നൽകിയ തുക 87114 രൂപ ഓഡിറ്റ് നിരാകരിക്കുന്നു.

## 3-20. അംഗൻവാടി കെട്ടിടങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നില്ല.

സർക്കാർ പുറപ്പെടുവിച്ച സർക്കുലർ നം.31055/ഡി.സി.2/2011/തസ്വഭവ, തിയതി 22.3.2011 പ്രകാരം അംഗൻവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വാർഷിക അറ്റകുറ്റപ്പണി നടത്തുക, അംഗൻവാടികളിലെ സുരക്ഷിതത്വ സംവിധാനങ്ങൾ ഉറപ്പാക്കുക മുതലായ പ്രവർത്തനങ്ങൾ നടത്തുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. എല്ലാ വർഷവും മെയ് 10 നകം തദ്ദേശ ഭരണ സ്ഥാപനത്തിന്റെ എഞ്ചിനിയർ/ഓവർസിയർ വാടകകെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അംഗൻവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതും, യാതൊരു കാരണവശാലും സുരക്ഷിതത്വം ഇല്ലാത്ത കെട്ടിടങ്ങളിൽ അംഗൻവാടികൾ പ്രവർത്തിക്കാൻ പാടില്ല എന്ന കർശന നിർദ്ദേശം മേൽ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ആകെയുള്ള 33 അംഗൻവാടികൾക്കും 2015-16 വർഷം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. മേൽ പറഞ്ഞ സർക്കുലറിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് അംഗൻവാടി കെട്ടിടങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് ഭരണ സമിതി പ്രത്യേകമായി ശ്രദ്ധിക്കേണ്ടതാണ്.

## 3-21. ബാലസഭ-അധിക തുക ചെലവഴിച്ചു

പ്രോ.നം.107/16

ട്രഷറി ബിൽ നം.31/26-3-16 Rs.50000/- നിർ. ഉദ്യോഗസ്ഥൻ: സെക്രട്ടറി.

മേൽ പ്രകാരം 50000/-രൂപ പിൻവലിച്ച് CDS Member Secretary ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ 6/5/15 ലെ G.O.Rt.No.1363/2015/LSGD നം ഉത്തരവു പ്രകാരം ബാലസഭ പ്രവർത്തനങ്ങൾക്കായി 35000/-രൂപ മാത്രമെ പിൻവലിക്കാനാകൂ. അധികം പിൻവലിച്ച 15000/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-22. വിനിയോഗ വിവരമില്ല- 803810/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

താഴെ പറയുന്ന ചെലവുകളുമായി ബന്ധപ്പെട്ട വിനിയോഗ വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ 8,03,810/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പ്രൊ.നം./പേര് | തടസ്സപ്പെടുത്തുന്ന തുക | ചെലവ് വിവരം | ലഭ്യമാക്കാത്തവ |
|---|---|---|---|---|
| 1. | 9/16-IAY ജനറൽ | 400000 | DDNo.384527/30-3-16 | അംഗീകരിച്ച ഗുണ.ലിസ്റ്റ്,തുക വിതരണം നടത്തിയതിന്റെ വിവരം |
| 2. | 10/16-മീഡിയാശ്രീ | 65000 | DDNo.168806/22-7-15 | വിനിയോഗ വിവരം |
| 3. | 50/16-തെരുവ് വിളക്ക് റിപ്പയർ | 200000 | Try.Bill No.18/26-2-16 | ടെണ്ടർ വിവരം,കരാർ, 14-15ൽ 200000/-രൂപ അഡ്വാൻസ് നല്കിയതിന്റെ വിവരം,ചെലവ് വിവരങ്ങൾ എന്നിവയില്ല. |
| 4. | 2/16-പദ്ധതി ആസൂത്രണം | 53410 | ട്രഷറി ബി.നം.4,6,19,28,29/15-16 | 82260/- രൂപയുടെ ചെലവ് രേഖകൾ മാത്രമെ ലഭ്യമാക്കിയുള്ളൂ. |
| 5. | 134/16-കോൾ പടവിലേക്ക് ലൈൻ എക്സ്റ്റൻഷൻ | 85400 | DDNo.618857/29-1-16 Rs.48255/- DDNo.385630/13-4-16 Rs.37145/- | തുക KSEB,Chavakkad സെക്ഷനിൽ 27/5/16 ൽ അടവാക്കി. വിനിയോഗ വിവരം ലഭ്യമാക്കിയില്ല. |
| | ആകെ | 803810/- | | |

## 3-23. എസ്.സി.വനിത മിനി വ്യവസായ കേന്ദ്രം -നിർമ്മാണം

## സമയപരിധിക്കുള്ളിൽ പൂർത്തീകരിച്ചില്ല.

നിർവ്വഹണ ഏജൻസി: നിർമ്മിതി കേന്ദ്ര

എഗ്രിമെന്റ് തീയ്യതി:19/3/15

നാളിതുവരെയുള്ള ചെലവ്:DDNo.871911/31-3-15Rs.4,00,000/-

" 619924/29-2-16 Rs.4,00,000/-

" 620580/18-3-16 Rs.4,00,000/-

കരാർ വ്യവസ്ഥ 4 പ്രകാരം 18-12-15 ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ നാളിതുവരെ പൂർത്തിയായിട്ടില്ല. പണി ത്വരിതപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, കരാർ പ്രകാരമുള്ള ഫൈൻ ഈടാക്കേണ്ടതുമാണ്.

## 3-24.ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം-10.63 ലക്ഷം രൂപ മുടങ്ങിക്കിടക്കുന്നു.

നിർവ്വഹണ ഏജൻസി:കോസ്റ്റ് ഫോർഡ്

എഗ്രിമെന്റ് തീയ്യതി: 7/7/15

ചെലവ് : DDNo.168810/22-7-15 Rs.1063000/-

5315000/- രൂപ എസ്റ്റിമേറ്റുള്ള മേൽ പദ്ധതിക്കായി നാളിതുവരെ 1063000/- രൂപ നിർവ്വഹണ ഏജൻസിയായ കോസ്റ്റ് ഫോർഡിന് കൈമാറിയിട്ടുണ്ട്. എന്നാൽ കരാർ പ്രകാരം 6 മാസം കൊണ്ട് പൂർത്തീകരിക്കേണ്ട മേൽ പദ്ധതി നാളിതുവരെയായി ആരംഭിച്ചിട്ടില്ല. DMO യിൽനിന്നും ഇനിയും അനുമതി ലഭ്യമായിട്ടില്ല. കൂടാതെ പദ്ധതി പ്രദേശത്തെ ജനങ്ങളുടെ എതിർപ്പും നിലനിൽക്കുന്നുണ്ട്. ആവശ്യമായ മുൻകൂർ നടപടികൾ കൈക്കൊള്ളാതെ കോസ്റ്റ് ഫോർഡുമായി കരാർ ചമച്ചതും തുക കൈമാറിയതും ശരിയായ നടപടിയല്ല.

## 3-25.കരാറുകാരന്റെ മണ്ണ് ഉപയോഗിച്ചുള്ള മണ്ണ് ഫില്ലിംഗ്-അധിക നിരക്ക് നൽകി- 421012/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

നിർവ്വഹണം – അസിസ്റ്റന്റ് എഞ്ചിനീയർ

താഴെ കാണിക്കുന്ന പ്രവൃത്തികളിൽ റോഡ് നിർമ്മാണത്തിനും,ഗവ.ഫിഷറീസ് യു.പി.സ്കൂൾ പറമ്പിലെ കുഴി നികത്തുന്നതിനുമായി Observed Data 5,6 എന്നിവ പ്രകാരമുള്ള നിരക്കുകൾ അനുവദിക്കുന്നതിനുപകരം Observed Data 215 പ്രകാരമുള്ള നിരക്കുകൾ അനുവദിച്ചു. വിശദവിവരം താഴെ ചേർക്കുന്നു.

O.D. 5-Filling with contractors own earth (Excluding rock) in trenches,plinth,sides of foundations,etc.in layers not exceeding 20cm in depth,consolidating each deposited layersby ramming and watering lead upto 50m and lift upto 1.5m as per site Engineer :Rs.413/m3(cost Index:1.3619)Rs.397/m3 (cost index:1.3143)`

O.D.6-Filling with contractors own earth (excluding rock) in open areas in layers not exceeding 20cm in depth consolidating each deposited layer by ramming and watering lead upto 50cm and lift upto 1.5m as per direction of site Engineer : Rs.275/m3(cost index:1.3619),Rs.265/m3(cost index :1.3143)

O.D.215-Supplying and filling at site with good quality earth suitable for filling brought from outside (within 5km),levelling the top at site and banking in layers not exceeding 20cm in depth breaking clods,watering,rolling each layer,with 1/2 tonne roller or wooden or steel rammers,and rolling every 3rd and topmost layer with power roller of minimum 8 tonnes and dressing up in embankments for roads,flood banks, marginal banks, and guide banks or filling ground depressions, lead upto 50m and lift upto 1.5m. :Rs.780/m3(cost index;1.3619),Rs.752/m3 (cost index:1.3143)

മുകളിൽ പറഞ്ഞതിൽനിന്നും കുഴികളിൽ മണ്ണ് ഫില്ലിംഗിന് O.D. 5 ഉം, സാധാരണ റോഡ് നിർമ്മാണത്തിന് O.D. 6ഉം മതിയാകുന്നതാണെന്ന് വ്യക്തമാകുന്നു. മാത്രമല്ല തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി, പഴയന്നൂർ ബ്ലോക്കുകളിൽ സമാനമായ പ്രവൃത്തികൾക്കും ഇതേ നിരക്കുകൾതന്നെയാണ് അനുവദിച്ചിരിക്കുന്നത്.

ആയതിനാൽ താഴെ പറയുംപ്രകാരം അധിക നിരക്കുകൾ അനുവദിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

| ക്രമ നം. | പ്രവൃത്തികളുടെ പേര്/നം. | തുക | എസ്റ്റിമേറ്റ് ഇനം | അനുവദിച്ചത് | അനുവദിക്കാവുന്നത് | അധികം നൽകിയത് |
|---|---|---|---|---|---|---|
| 1. | 128/16-MP ബാവുട്ടി സാഹിബ്ബ് റോഡ് കൾവർട്ട് MBNo.36/15-16 Cont:K.A.Vijayan | 450000 | No.9:supplying and filling contractors own earth | 192.18x780/m3 =149900 | 192.18x275/m3 =52850 | 97050 |
| 2. | 118/16- മന്ദലാംകുന്ന് GFUPS ചുറ്റുമതിൽ നിർമ്മാണം,മണ്ണ് ഫില്ലിംഗ്(കുഴി നികത്തൽ) MBNo.22/15-16 cont.K.C.Biju | 1150000 | No.11: “ | 170.1x780/m3 =132678 | 170.1x413/m3 =70251 | 62427 |
| 3. | 104/16- ഹംസത്ത് റോഡ് നിർമ്മാണം MBNo.4/15-16 Cont.C.M.Biju | 395000 | No.1 “ | 114.56x752/m3 =86149 | 114.56x265/m3 =30358 | 55791 |

| | | | | | | |
|---|---|---|---|---|---|---|
| 4. | 131/16-ഷിഹാബ് തങ്ങൾ റോഡ് നിർമ്മാണം<br>MBNo.2/15-16<br>Cont.Ashkar.M.P. | 280000 | " | 118.50x752/m3 =89112 | 118.50x265/m3 =31403 | 57709 |
| 5. | 96/16-പഞ്ചായത്ത് ഗ്രൌണ്ട് റോഡ് സോളിംഗ്<br>MBNo.5/15-16<br>Cont.Santhosh Jack | 379000 | " | 46.8x780/m3 =36504 | 46.8x275/m3 =12870 | 23634 |
| 6. | 95/16-അയോദ്ധ്യ റോഡ് നിർമ്മാണം<br>MBNo.25/15-16<br>Cont.K.A.Vijayan | 300000 | " | 246.34x780/m3 =192145 | 246.34x275/m3 =67744 | 124401 |
| | Total | | | | | 421012/- |

മേൽ പ്രകാരം അധികം നൽകിയ 421012/- രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും,എസ്റ്റിമേറ്റ് അംഗീകരിച്ച അസി.എക്സി.എഞ്ചിനീയറിൽ നിന്നും തുല്ല്യമായി ഈടാക്കേണ്ടതാണ്.

## 3-26. ടെണ്ടർ കുറവ് കണക്കാക്കിയില്ല-കരാറുകാരന് 1125/-രൂപ അധികം നൽകി

നിർവ്വഹണം – അസിസ്റ്റന്റ് എഞ്ചിനീയർ

താഴെ പറയുന്ന പ്രവൃത്തികളിൽ ടെണ്ടർ കുറവ് കണക്കാക്കാതെ ബിൽ തുക അനുവദിച്ചതുവഴി 1125/- രൂപ കരാറുകാരന് അധികം നൽകാനിടയായി. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/നം. | ആകെ പ്രവൃത്തിമൂല്യം | ടെണ്ടർ കുറവ് | അധികം നല്കിയത് |
|---|---|---|---|---|
| 1. | 114/16-ഒറ്റയിനി കോളനി റോഡ് മെറ്റലിംഗ് &ടാറിംഗ്<br>MBNo.18/15-16<br>Cont.Ashkar.M.P | 521000 | 0.2% | 1042 |

| | | | | |
|---|---|---|---|---|
| | Try.Bill No.55/31-3-16 | | | |
| 2. | 122/16-Maintenance of PHC<br>MBNo.37/15-16<br>Cont.Ashkar.M.P<br>Try.Bill No.58/31-3-16 | 811785 | 0.01% | 83 |
| | Total | | | 1125/- |

മേൽ തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-27. കുടിവെള്ള പദ്ധതി വാട്ടർ ടാങ്ക് നിർമ്മാണം-പദ്ധതി പൂർത്തീകരിച്ചില്ല-മറ്റ് അപാകതകൾ

നിർവ്വഹണം – അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോ.നം.62/16

MBNo.31/15-16 അടങ്കൽ : 180360/-

കരാറുകാരൻ:ജോൺബോസ്കോ
ട്രഷറി ബിൽ നം.20/11-2-16 Rs.62658/-
ട്രഷറി ബിൽ നം.21/ 11.2.16 Rs.100000/-

എസ്റ്റിമേറ്റിൽ വാട്ടർ ടാങ്ക്,പമ്പ് ഹൌസ്,പമ്പ് സെറ്റ്,പവർ അലോക്കേഷൻ എന്നിവക്ക് തുക ലംപ്സം

ആയാണ് വകയിരുത്തിയിരുന്നത്. പിന്നീട് 16/9/15 ലെ 13(25) നം തീരുമാന പ്രകാരം വാട്ടർ ടാങ്ക് ഒഴിവാക്കി. പമ്പ് സെറ്റ്,പാനൽ ബോർഡ് എന്നിവക്കായി 3 ക്വട്ടേഷനുകൾ ലഭ്യമാക്കി,താഴ്ന്ന നിരക്കിലുള്ള ക്വട്ടേഷൻ പ്രകാരം സാധനം വാങ്ങുകയുമാണുണ്ടായത്. എന്നാൽ പമ്പ് ഹൌസ് ക്വട്ടേഷൻ ഇല്ലാതെ നേരിട്ട് വാങ്ങി. മേൽ പറഞ്ഞവക്കൊന്നും തന്നെ അസി. എഞ്ചിനീയർ ക്വട്ടേഷൻ ക്ഷണിച്ചതായി കാണുന്നില്ല.

ക്വട്ടേഷനിൽ 3HP Submersible pumpset നാണ് നിരക്കുകൾ കാണിച്ചിരുന്നത് എങ്കിലും വാങ്ങിയത് 3HP centrifugal Pumpset ആണ്.ആയതിന് താരതമ്യേന നിരക്ക് കുറവാണ്.

പമ്പ് ഹൌസ് വാങ്ങിയ St.Joseph Engineering Works,Vatanapilly എന്ന സ്ഥാപനത്തിന്റെ 30000/-രൂപയുടെ ബിൽ form No. 8 ലുള്ള KVAT ബിൽ അല്ല.

കറന്റ് കണക്ഷൻ, വാട്ടർ ടാങ്ക് നിർമ്മാണം എന്നിവ പൂർത്തീകരിച്ച് പ്രവൃത്തി ഇനിയും കമ്മീഷൻ ചെയ്തിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-28. അംഗൻവാടി നിർമ്മാണം-വാർഡ് 4 -ലക്ഷ്യം കൈവരിച്ചില്ല.

നിർവ്വഹണം – അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോ.നം.79/16

ട്രഷറിബിൽ നം.5/18-8-15 Rs.383744/-

“ “ 46/26-3-16Rs.241649/-

“ 47/ 26.3.16 Rs.92256/- ആകെ Rs.717649/-

മേൽ പ്രകാരം 717649/- രൂപ ചെലവഴിച്ച് കെട്ടിട നിർമ്മാണം,പ്ളംബിംഗ്, വാട്ടർ ടാങ്ക് എന്നിവ പൂർത്തീകരിച്ചുവെങ്കിലും കിണർനിർമ്മാണം,ഇലക്ട്രിഫിക്കേഷൻ എന്നിവ ഇനിയും പൂർത്തീകരിച്ചിട്ടില്ല.

എത്രയും വേഗം മേൽ പ്രവൃത്തികൾകൂടി പൂർത്തീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-29. പ്രൊ.നം.61/16-അംഗൻവാടി നിർമ്മാണം- വാർഡ് 2- എഗ്രിമെന്റ് വെച്ചു,പ്രവൃത്തി ആരംഭിച്ചില്ല.

നിർവ്വഹണം – അസിസ്റ്റന്റ് എഞ്ചിനീയർ

മേൽ പ്രവൃത്തിക്കായി 15-16 ൽ ടെണ്ടർ ക്ഷണിക്കുകയും, ശ്രീ കെ.വി.വിജയൻ എന്നയാളുടെ എസ്റ്റിമേറ്റ് നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ച് എഗ്രിമെന്റ് വെക്കുകയും ചെയ്തു. എന്നാൽ നാളിതുവരെയായി ടിയാൻ പ്രവൃത്തി ആരംഭിച്ചിട്ടില്ല. കരാറുകാരൻ പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറല്ലെങ്കിൽ കരാർ റദ്ദ് ചെയ്ത് ടിയാന്റെ നഷ്ടോത്തരവാദിത്തത്തിൽ റീടെണ്ടർ ചെയ്ത് പ്രവൃത്തി എത്രയും വേഗം ആരംഭിക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-30. പ്രൊ.നം.122/16-PHC പുനരുദ്ധാരണം-പൂർത്തീകരിച്ചില്ല

നിർവ്വഹണം – അസിസ്റ്റന്റ് എഞ്ചിനീയർ

MBNo.37/15-16 അടങ്കൽ : 932173/-

കരാറുകാരൻ : അഷ്കർ.എം.പി. ട്രഷറിബിൽ നം.58/31-3-16 Rs.811795/-

കരാറുകാരന് 1st &Part Bill ആയി 811785/- രൂപ അനുവദിച്ചിരുന്നു. എന്നാൽ നാളിതുവരെയായി പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. എസ്റ്റിമേറ്റ് ഇനം 4 -വിട്രിഫൈഡ് ടൈൽ ഉപയോഗിച്ചുള്ള ഫ്ലോറിംഗ് -ഇനിയും ആരംഭിച്ചിട്ടില്ല. പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കേണ്ടതും കാലതാമസത്തിന് കരാർ പ്രകാരമുള്ള ഫൈൻ ഈടാക്കേണ്ടതുമാണ്.

## 3-31. സർക്കാർ നിർദ്ദേശം പാലിച്ചില്ല.

28/11/12-ലെ Circular No. 68228/FM.1/2012 LSGD പ്രകാരം പഞ്ചായത്ത് റോഡുകളിൽ നിലവിൽ അറ്റകുറ്റപണികൾ ആവശ്യമില്ലെന്ന് ഭരണസമിതി ഏകകണ്ഠമായി തീരുമാനം എടുത്തശേഷമേ മെയിന്റനൻസ് ഫണ്ട് (റോഡ്) മെറ്റലിംഗ്, ടാറിംഗ്,കോൺക്രീറ്റിംഗ് തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കാവൂ. എന്നാൽ ഇതിനു വിരുദ്ധമായി ഇത്തരമൊരു തീരുമാനത്തിന്റെ അഭാവത്തിലും പഞ്ചായത്തിൽ നിരവധി റോഡ് നിർമ്മാണപ്രവൃത്തികൾ മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് നടത്തിയിട്ടുണ്ട് . ആയതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-32. റോഡ് കോൺക്രീറ്റിംഗ്-DAR ൽ നിന്നും വ്യതിചലിച്ച് പ്രവൃത്തി നിർവ്വഹിച്ചു

2015-16 വർഷത്തിൽ DSR 2014 നിരക്കുകൾ പ്രകാരം നിർവ്വഹിച്ച റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ DAR Chapter 16 ഇനം 42 പ്രകാരം ഒറ്റ ഇനമായി 1:2:4കോൺക്രീറ്റിംഗ് നടത്തേണ്ടതിനു പകരം ആദ്യം 1:4:8(using 40mm broken stone) ഉം,പിന്നീട് അതിനുമുകളിൽ 1:2:4 കോൺക്രീറ്റിംഗും നടത്തുകയാണുണ്ടായത്. പ്രോജക്റ്റ്നം 113/16,117/16 എന്നീ പ്രവൃത്തികളിൽ ഇപ്രകാരമാണ് പ്രവൃത്തി നടത്തിയിരിക്കുന്നത്. ഇത് ശരിയായ നടപടിക്രമമല്ല. മേലിൽ ഇത്തരം പ്രവൃത്തികളിൽ DAR കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-33. ആശ്രയ പദ്ധതി - രണ്ടാം ഘട്ട പദ്ധതികൾ പൂർത്തികരിക്കേണ്ടതാണ്.

| ഇനം | 1st പ്രൊജക്റ്റ് | 2nd പ്രൊജക്റ്റ് |
|---|---|---|
| പ്രൊജക്റ്റ് പ്രകാരം ആകെ ഗുണഭോക്താക്കൾ* | 90 | 86 |
| പ്രൊജക്റ്റ്പ്രകാരം വീടുവയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 16 | 58 |
| നാളിതുവരെ ലഭിച്ചവർ | 16 | 35 |
| പ്രൊജക്റ്റ്പ്രകാരം വീട് ആവശ്യമുള്ളവർ | 16 | 20 |
| നാളിതുവരെ ലഭിച്ചവർ | 16 | |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 32 | |
| നാളിതുവരെ ലഭിച്ചവർ | 32 | |
| കക്കൂസ് ആവശ്യമുള്ളവർ | 16 | |
| നാളിതുവരെ ലഭിച്ചവർ | 16 | |
| കുടിവെള്ളം ആവശ്യമുള്ളവർ | 16 | |
| നാളിതുവരെ ലഭിച്ചവർ | 16 | |
| കറന്റ് ആവശ്യമുള്ളവർ | 0 | |
| നാളിതുവരെ ലഭിച്ചവർ | 0 | |

ജി.ഒ (എം.എസ്)362/13/ത.സ്വ.ഭ.വ തീയതി 16.11.13 അനുബന്ധം 14 ഖണ്ഡിക 67(i) പ്രകാരം ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെയ്ക്കുന്നതിന് സ്ഥലം ലഭ്യമാക്കിയതിനു ശേഷം മാത്രമാണ് ദാരിദ്ര്യരേഖക്ക് താഴെയുള്ള ഇതര വിഭാഗങ്ങൾക്ക് സ്ഥലം അനുവദിക്കാവുന്നത്. ഇതേ ഉത്തരവിലെ അനുബന്ധം 14 ഖണ്ഡിക 68(i) പ്രകാരം ഭവനരഹിതരും, ആവശ്യത്തിന് ഭൂമി ഉള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന ധനസഹായം മുൻഗണനാ അടിസ്ഥാനത്തിൽ നൽകണം.

നാളിതുവരെ 5004848 രൂപ പ്ലാൻഫണ്ട് ലഭിച്ചതിൽ 2675000രൂപ ചെലവഴിച്ചിട്ടുണ്ട്.

ആശ്രയ അക്കൗണ്ടിലെ നീക്കിയിരുപ്പ് വിവരം ചുവടെ ചേർക്കുന്നു.

| ബാങ്ക് | അക്കൗണ്ട് നം | നീക്കിയിരുപ്പ് |
|---|---|---|

| | | (31.03.16ൽ) |
|---|---|---|
| പുന്നയൂർ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 16231 | 3201199 |

ആശ്രയ ഗുണഭോക്താക്കളുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യപ്രാപ്തിയിലെത്താത്ത സാഹചര്യത്തിലാണ് ഉയർന്ന ശേഷിയുള്ള മറ്റ് വിഭാഗങ്ങളിലുള്ളവർക്ക് ഭീമമായ തുകകൾ വകയിരുത്തി സ്ഥല/ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നത്. രണ്ടാം ഘട്ട പദ്ധതിയിൽ ആശ്രയ ഗുണഭോക്താക്കളുടെ വിവിധ ആവശ്യങ്ങൾ കണക്കിലെടുത്ത് പ്രൊജക്ട് തയ്യാറാക്കി ആയത് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2015-16 | 155000 | സ്കോളർഷിപ്പ് | 155000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 155000 | സ്കോളർഷിപ്പ് | 155000 | 0 |
| ജില്ലാ പഞ്ചായത്ത് | 2014-15 | 200000 (2014-15 ൽ 63533 രൂപ ചെലവ് ചെയ്തു) | മന്ദലാംകുന്ന് ബീച്ച് കുട്ടികളുടെ പാർക്ക് | 0 | 136409 (ലാപ്സ്ഡ്) |
| ജില്ലാ പഞ്ചായത്ത് | 2011-12 | 430000 2014-15 ൽ 38291 ചെലവ് ചെയ്തു) | വെട്ടിപ്പുഴ എസ്. സി.കോളനി റോഡ് | 0 | 391709 (ലാപ്സ്ഡ്) |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി

നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രോജക്ട് നം/ പേര് | ഡി.ഡി നം/ തിയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 134/16 | DDNo.618857/29-1-16 Rs.48255/-<br>DDNo.385630/13-4-16 Rs.37145/- | 85400 | വിനിയോഗ വിവരം ലഭ്യമായിട്ടില്ല. | 85400 |

ഡെപ്പോസിറ്റ് നല്കിയ തുകയുടെ വിവരങ്ങൾ വാർഷിക കണക്കിൽ B18 ഷെഡ്യൂളിൽ ചേർത്തിട്ടില്ല.

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

-ഇല്ല-

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | 1056/2010/ 26.03.2010 | 15670500 | 3468065 | 1567050 | | 1901015 |

ലോൺ രജിസ്റ്ററിൽ വിവരങ്ങൾ ചേർത്ത് ആധികാരികമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള വിവരങ്ങളാണ് മുകളിൽ ചേർത്തിട്ടുള്ളത്.

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14 | | 4800 കർഷക തൊഴിലാളി പെൻഷൻ | മല്ലിക പുന്നയൂർ ഹൗസ് പുന്നയൂർ | 11504104874/28.03.2016 |

വാർഷിക കണക്കിൽ ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല. എന്നാൽ രശീതി പ്രകാരം 4800 രൂപ വരവുണ്ട്.ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14 | | 2014-15 | 4.3.12 | മല്ലിക, പുന്നയൂർ ഹൗസ് പുന്നയൂർ എന്നയാൾക്ക് കർഷകത്തൊഴിലാളി പെൻഷൻ രണ്ടു തവണ അനുവദിച്ചു. അധികം നൽകിയത് തിരിച്ചടക്കണം | 4800 രൂപ 11504104874/ 28.03.2016 രശീതി പ്രകാരം തിരികെ ഈടാക്കി 27/29.03.2016 ചലാൻ പ്രകാരം കർഷകത്തൊഴിലാളി പെൻഷൻ ഹെഡിൽ തിരിച്ചടച്ചു. |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 40921669.23 |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 56420054 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 639599 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3530711 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-5 | | 2890 | കെ.ബി. ഷാഹുൽ ഹമീദ്, സെക്രട്ടറി |
| 3-6 | | 112458 | കെ .ബി ഷാഹുൽഹമീദ്, സെക്രട്ടറി |
| 3-19 | | 87114 | സുമം. കെ.ആർ , ഐ സി ഡി എസ് സൂപ്പർവൈസർ |
| 3-21 | | 15000 | രവീന്ദ്രൻ. കെ, സെക്രട്ടറി |
| 3-25 | | 421012 | നിഖിൽ രാജ് സി.എൻ, അസിസ്റ്റന്റ് എഞ്ചിനീയർ,<br>അബ്ദുൾ റഹിം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത്. |
| 3-26 | | 1125 | നിഖിൽ രാജ്, അസി. എഞ്ചിനീയർ |
| ആകെ | | 639599 | |

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 80551 | രവീന്ദ്രൻ. കെ, സെക്രട്ടറി |
| 3-10 | 500000 | ഡോ. നിത. ടി.ജി. |
| 3-11 | 156250 | ഡോ.സഹീർ അബ്ദു,വെറ്ററിനറി സർജൻ |
| 3-12 | 280000 | റീന ടി ജെ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-13 | 1675000 | ദീപക്.സി. ആർ, വി.ഇ.ഒ |
| 3-16 | 35100 | ആർ. പുരുഷോത്തമൻ, കൃഷി ഓഫീസർ |
| 3-22 | 65000 | കെ .ബി ഷാഹുൽഹമീദ്, സെക്രട്ടറി |

| | | |
|---|---|---|
| | 738810 | രവീന്ദ്രൻ. കെ, സെക്രട്ടറി |
| ആകെ | 3530711 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ .ബി ഷാഹുൽഹമീദ്, സെക്രട്ടറി | - | കണ്ണംകുളത്ത് വീട്<br>പത്താഴക്കാട് .പി.ഒ<br>തൃശ്ശൂർ - 680 668 |
| സുമം. കെ.ആർ , ഐ സി ഡി എസ് സൂപ്പർവൈസർ | - | ആഞ്ചനേയ<br>TC-19/1770<br>RSLBN -151<br>കേശവൻ നായർ റോഡ്<br>പൂജപ്പുര |
| രവീന്ദ്രൻ. കെ, സെക്രട്ടറി | - | കളരിക്കൽ വീട്<br>പള്ളപ്പുറം<br>പൊന്നാനി.പി.ഒ<br>679 577 |
| നിഖിൽരാജ്.സി.എൻ, അസിസ്റ്റന്റ് എഞ്ചിനീയർ | - | ചെറുവത്തേരി ഹൗസ്<br>പേരാമംഗലം പി.ഒ<br>680545 |
| അബ്ദുൾറഹിം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് | - | - |

| | | |
|---|---|---|
| എഞ്ചിനീയർ ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത്. | | |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 65-66മുതൽ 93-94 വരെ | നം.എൽ.എഫ്.ടി.(എസ്2) – 1315/11/ 14-07.2011 |
| 96-97 | നം എൽ എഫ് ടി 17/560/98/ 30-08-98 / 31-12-98 |
| 97-98 | നം എൽ എഫ് ടി 13/14/1456/ 04-02-05 |
| 98-99 | നം എൽ എഫ് ടി 13/1455/04/ 02-05-05 |
| 99-00 | നം എൽ എഫ് ടി 13/1454/04/ 02-05-05 |
| 00-01 | നം എൽ എഫ് ടി 13/1453/04/ 02-05-05 |
| 01-02 | നം എൽ എഫ് ടി 13/1203/03/ 11-05-04 |
| 02-03 | നം എൽ എഫ് ടി 13/1030/08/ 31-03-09 |
| 03-04 | നം എൽ എഫ് ടി 13/1031/08/ 31-03-09 |
| 04-05 | നം എൽ എഫ് ടി13/1032/08/ 31-03-09 |
| 05-06 | നം എൽ എഫ് ടി 13/238/10/ 28-01-2011 |
| 07-08 | നം എൽ എഫ് ടി 13/1215/10/ 24-02-11 |
| 08-09 | നം എൽ എഫ് ടി 13/1216/10/ 26-02-11/06-09-11 |

| | |
|---|---|
| 09-10 | നം എൽ എഫ് ടി പി 4/1094/12<br><br>12-09-12 /5-03-13 |
| 10-11 | നം എൽ എഫ് ടി പി 4/1095/12<br><br>12-09-12 /05-03-13 |
| 11-12 | നം എൽ എഫ് ടി പി 8/195/14<br><br>07-02-14 / 08-04-14 |
| 12-13 | നം എൽ എഫ് ടി പി 8/1761/14<br><br>10-06-15 /3-08-15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.(പി8)1180/16/<br>15.2.16/8.3.16 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.(പി8)1227/2016, 24.07.2016 |

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, തൃശ്ശൂർ

## <u>അനുബന്ധം</u>

# <u>1</u>

കെ.എസ്.എ-ടി.എസ്.ആർ.(പി8)6/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

പിൻ 680 020 ഫോൺ- 0487 2331249

dotsr.ksad@kerala.gov.in

തീയതി:27.01.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ പുന്നയൂർ ഗ്രാമപഞ്ചായത്തിന്റെ 2015- 16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പുന്നയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ.

No. KSA-TSR/P8/6/2017

Kerala State Audit Department

District Audit Office, Thrissur

PIN- 680 020 Phone: 0487 2331249

E-mail:dotsr.ksad@kerala.gov.in

Dated: 27.01.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Punnayoor Gramapanchayat in Thrissur District for the year ended on 31-03-2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Insittutions.

In my opinion, the Financial Statements of Punnayoor Grama Panchcyat for the year 2015-16 except the observations in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office,

Thrissur.